# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേർത്തല മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/ജി.എ.8-326/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 18/04/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ചേർത്തല മുനിസിപ്പാലിറ്റി

സർ,

വിഷയം : ചേർത്തല മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേർത്തല മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.റീജിയണൽ ജോയിന്റ് ഡയറക്ടർ ,നഗരകാര്യ വകുപ്പ്,കൊല്ലം (ഉപരി പത്രം സഹിതം)
2.ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരി പത്രം സഹിതം)
3.സെക്രട്ടറി , തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം (ഉപരി പത്രം സഹിതം)
4.ഡയറക്ടർ ,നഗരകാര്യ വകുപ്പ് , തിരുവനന്തപുരം(ഉപരി പത്രം സഹിതം)
5.കാര്യാലയപ്രതി

നമ്പർ: കെ.എസ്.എ-എ.എൽ.പി/ജി.എ.8-326/2023 തീയ്യതി: 18/04/2023

## ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 30-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ ജി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 06-03-2023 | 16-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-03-2023 | 16-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ്.എസ്, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ)
ശ്രീമതി.മായ.വി , ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ)
ശ്രീമതി.ജാകചലിൻ.പി.ഡബ്ല്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രാജി മോൾ.പി.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സിജി ജോൺ, ഓഡിറ്റർ (10.03.2023 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷേർളി ഭാർഗ്ഗവൻ | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീ.കെ.എസ്.അരുൺ | സെക്രട്ടറി | 01-04-2021 | 28-02-2022 |
| ശ്രീ. ടി.കെ.സുജിത്ത് | സെക്രട്ടറി | 01-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ . രാജൻ . പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ . എസ് . കെ . സെങ്കോട്ടയ്യൻ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ഡോ . അനിൽ കുമാർ . എൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ . ഇന്ദു . എൽ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി .ആശാലത | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ . സജിത . വി | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2021 | 10-12-2021 |
| ഡോ. പത്മജ . വി | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 11-12-2021 | 31-03-2022 |
| ശ്രീ . ബോബൻ വി എ | പ്രിൻസിപ്പാൾ | 01-04-2021 | 06-11-2021 |
| ശ്രീ . ഗോപകുമാർ | പ്രിൻസിപ്പാൾ | 07-11-2021 | 16-11-2021 |
| ശ്രീ . വി . സുനിൽ കുമാർ | പ്രോജക്ട് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ . രാംകുമാർ | ഹെൽത്ത് ഓഫീസർ | 01-04-2021 | 28-06-2021 |
| ശ്രീമതി . കൽപ്പന | പ്രിൻസിപ്പാൾ | 17-11-2021 | 31-03-2022 |
| ശ്രീ . ബ്രിജിത്ത്.പി.എം . | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ . പ്രമോദ് ഇ.എസ്. | ഹെൽത്ത് ഓഫീസർ | 29-06-2021 | 22-09-2021 |
| ശ്രീ . സുധീപ്.എസ്. | ഹെൽത്ത് ഓഫീസർ | 23-09-2021 | 31-03-2022 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | റെസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽകുറവ് - 49 ലക്ഷം | 1-10 |
| 12 | കടമുറി യഥാസമയം വാടകയ്ക്ക് നല്കുന്നതിനും വാടക ഈടാക്കുന്നതിലും നഗരസഭ അധികൃതർ ശ്രദ്ധ ചെലുത്തുന്നില്ല | 1-11 |
| 13 | ലേലം - വരുമാനത്തിൽ ഗണ്യമായ കുറവ് | 1-12 |
| 14 | തൊഴിൽനികുതി അപാകതകൾ | 1-13 |
| 15 | ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-14 |
| 16 | ഒറ്റത്തവണ ട്രാക്ക് വാടക ഒടുക്കിയത് ഹാജരാക്കാതെ ടെലികോം സർവീസ് പ്രൊവൈഡേഴ്സിന് റോഡ് കട്ടിംഗിന് അനുമതി | 1-15 |
| 17 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത | 1-16 |
| 18 | വിനോദ നികുതി - അടക്കുന്ന നികുതിയുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല | 1-17 |
| 19 | ജൈവ വാതക നിലയം - സബ്സിഡി അധികം അനുവദിച്ചു | 1-18 |
| 20 | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ - ഡെപ്പോസിറ്റ് പ്രവൃത്തികൾ അനിശ്ചിതമായി നീളുന്നു - നഗരസഭയ്ക്ക് അധിക ബാധ്യത. | 1-19 |
| 21 | സുഭിക്ഷകേരളം ഇടവിളകൃഷി - ജില്ലാതല യൂണിറ്റ് കോസ്റ്റിലും അധികം ചെലവഴിച്ചു - നഷ്ടം 47280/- | 1-20 |
| 22 | ഉയർന്ന നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ അധികച്ചെലവ് 27771/- | 1-21 |
| 23 | സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചു | 1-22 |
| 24 | പദ്ധതി രൂപീകരണ നിർവഹണ മോണിറ്ററിംഗ് പ്രവർത്തനങ്ങൾ - | 1-23 |

| | | |
|---|---|---|
| | അപാകതകൾ | |
| 25 | ഗ്രാനുലാർ സബ് ബേസ് നിർമ്മാണത്തിന് ഉയർന്ന നിരക്ക് അനുവദിച്ചത് അധികച്ചെലവിനിടയാക്കുന്നു. | 1-24 |
| 26 | കരാറിൽ ആവശ്യപ്പെട്ടതിനേക്കാൾ കൂടുതൽ GST ഇനത്തിൽ അനുവദിച്ചു | 1-25 |
| 27 | സംരക്ഷണഭിത്തി നിർമ്മാണം -സൈറ്റിൽ ലഭ്യമായ മണ്ണ് ഉപയോഗിച്ചിട്ടും തുക അനുവദിച്ചു | 1-26 |
| 28 | പൊതുമുതൽ നശിപ്പിച്ചതിനുള്ള പിഴ ഈടാക്കിയില്ല | 1-27 |
| 29 | ഫൈൻ ഈടാക്കിയില്ല – നഷ്ടം 13740/- | 1-28 |
| 30 | പത്രപരസ്യം ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല | 1-29 |
| 31 | വിൻഡോ മാതൃകയിലുള്ള പത്രപരസ്യങ്ങൾ നിർദ്ദിഷ്ട വലിപ്പത്തിൽ കൂടുതൽ നൽകിയത് അധിക ചെലവിനിടയാക്കുന്നു. | 1-30 |
| 32 | മഴക്കാലപൂർവ്വ ശുചീകരണം -രേഖകൾ ലഭ്യമാക്കിയില്ല | 1-31 |
| 33 | ടേക്ക് എ ബ്രേക്ക് സ്ഥാപിക്കൽ - മുൻകൂർ കൈപ്പറ്റി ഒരുവർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാക്കിയില്ല. | 1-32 |
| 34 | വെള്ളക്കര കുടിശ്ശിക | 1-33 |
| 35 | റവന്യൂ വിഭാഗം ഡാറ്റ എൻട്രി പൂർത്തീകരണം - അപാകതകൾ | 1-34 |
| 36 | പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നില്ല | 1-35 |
| 37 | മെഡിക്കൽ ഓഫീസർ(ഹോമിയോ) നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-36 |
| 38 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല | 1-37 |
| 39 | ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചില്ല | 1-38 |
| 40 | പി.എം.എ.വൈ ലൈഫ് ഭവന നിർമ്മാണം -ആരംഭിച്ചില്ല | 1-39 |
| 41 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-40 |
| 42 | നഗരസഭാ ഓഫീസിലേക്ക് ലാപ് ടോപ്പ് – CPRCS മുഖേന വാങ്ങൽ നടത്തിയില്ല. | 1-41 |
| 43 | വിദ്യാഭ്യാസ മേഖലയുടെ പുരോഗതിയ്ക്കായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും നടപ്പിലാക്കുന്നില്ല - വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നഷ്ടമാകുന്നു | 1-42 |
| 44 | നഗരസഭയിലേക്ക് ആവശ്യമായ ഇലക്ട്രിക്കൽ ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും - ആവശ്യകതയ്ക്ക് അനുസരിച്ച് ഉപകരണങ്ങൾ വാങ്ങിക്കുന്നില്ല | 1-43 |
| 45 | വായ്പ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. | 1-44 |
| 46 | ഓഡിറ്റ് ഇംപാക്ട്- അധികം നൽകിയ 3507/- രൂപ തിരിച്ചടച്ചു | 1-45 |
| ഭാഗം **2** | | |
| 1 | റെസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽകുറവ് - 49 ലക്ഷം | 2-1 |

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | ജൈവ വാതക നിലയം - സബ്സിഡി അധികം അനുവദിച്ചു | 3-1 |
| 2 | സുഭിക്ഷകേരളം ഇടവിളകൃഷി - ജില്ലാതല യൂണിറ്റ് കോസ്റ്റിലും അധികം ചെലവഴിച്ചു - നഷ്ടം 47280/- | 3-2 |
| 3 | ഉയർന്ന നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ അധികച്ചെലവ് 27771/- | 3-3 |
| 4 | സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചു നഷ്ടം 13195/- | 3-4 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 20.02.2021 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 26.3.2022 ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 742248500 | 768395334 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പന്റീച്ചർ പത്രിക) | 276772855 | 259168159 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 26.07.2022 |

### 1-2-1 വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. തൻവർഷം ലൈഫ് ഭവന പദ്ധതി വായ്പ തിരിച്ചടവ് വരേണ്ടത് 6666667/- രൂപയാണ്. മുൻവർഷ വായ്പ 2133334/- രൂപയാണ്. മുൻവർഷത്തെ ലൈഫ് ഭവന പദ്ധതി വായ്പ തിരിച്ചടവ് സോഴ്സ് ഡിഡക്ഷൻ തുകകൾക്ക് ജി.ഒ പ്രോജക്റ്റ് ആവിഷ്കരിക്കാതിരുന്നതിനാൽ ടി നഗരസഭയുടെ എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിലോ ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 ലൊ ഉൾപ്പെട്ടു വന്നിരുന്നില്ല ആകയാൽ മുൻവർഷത്തെ തുക 2133334/- രൂപ തൻവർഷ ലോൺ തിരിച്ചടവിൽ ഉൾപ്പെടുത്തുകയുണ്ടായി.

2. 2022 മാർച്ചിലെ ബിൽ പ്രകാരം നഗരസഭയുടെ ജല അതോറിറ്റി കുടിശ്ശിക 138424625/- രൂപയാണ്. എന്നാൽ ഈ തുക വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | OB | വരവ് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | 1098413 | 10057874 | 10615462 | 540825 |
| ക്യാഷ് ബുക്ക് പ്രകാരം | 1098449 | 10057874 | 10615499 | 540824 |

4. ബേസിക്ക് ഗ്രാന്റ് ടൈഡ് ACR പ്രകാരമുള്ള വരവും(46494581) ചെലവും (21021546) നീക്കിയിരുപ്പും (25473035) റസീപ്റ്റ് ആന്റ് പേമെന്റ് (36068799),ഇൻകം ആന്റ് എക്സ്പെൻഡിച്ചർ (15020497) ബാലൻസ് ഷീറ്റ് (11040095) എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

5.ബേസിക്ക് ഗ്രാന്റ് അൺടൈഡ് ACR പ്രകാരമുള്ള വരവും(16628254) ചെലവും (13231517) നീക്കിയിരുപ്പും (3396737) റസീപ്റ്റ് ആന്റ് പേമെന്റ് (8681865), ഇൻകം ആന്റ് എക്സ്പെൻഡിച്ചർ (7164000) ബാലൻസ് ഷീറ്റ് (7164000) എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

6. മെയിന്റനൻസ് ഫണ്ട് (റോഡ്) ചെലവ് RP6 (10593348) രൂപയാണ് എന്നാൽ എസിആർ പ്രകാരം 10781596/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത് ചെലവ് തുക പൊരുത്തപ്പെടുന്നില്ല.

7. ലൈസൻസ് ഫീസിനത്തിൽ വാർഷികകണക്കിലെ ഡിമാന്റ് കളക്ഷൻ നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല.

| തൻവർഷ ഡിമാന്റ് | അഡ്വാൻസ് കളക്ഷൻ | തൻവർഷ കളക്ഷൻ | ആകെ കളക്ഷൻ | നീക്കിയരുപ്പ് |
|---|---|---|---|---|
| 2233500 | 1949385 | 294750 | 2244135 | 10635 |

10635/- രൂപയാണ് യഥാർത്ഥത്തിൽ ബാലൻസ് ഷീറ്റിൽ വരേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റിൽ 17288/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

8. ലൈസൻസ് ഫീസ് (അരിയർ) വാർഷികകണക്കിലെ ഡിമാന്റ് കളക്ഷൻ നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല.

| മുൻവർഷ അരിയർ | തൻവർഷ കളക്ഷൻ |
|---|---|
| 47476 | 80875 |

തൻവർഷകളക്ഷൻ അരിയറിനേക്കാൾ കൂടുതൽ ആയിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്, കൂടാതെ ബാലൻസ് ഷീറ്റ് ബി15 ഷെഡ്യൂൾ പ്രകാരം 236/- രൂപ ലഭിക്കാനുണ്ട്.

9. ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺടൈഡ് സുലേഖ പത്രിക പ്രകാരം 34025421/- രൂപയാണ് ചെലവ്. എന്നാൽ എസിആർ പ്രകാരം 34253063 രൂപയാണ് ചെലവുള്ളത് 227642/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു

10. ഗുണഭോക്തൃ വിഹിതമിനത്തിൽ 999200/- രൂപ അവശേഷിക്കുന്നുണ്ട്. ഇതിൽ മുൻ വർഷത്തെ നീക്കിയിരിപ്പ് തുകയും ഉൾപ്പെടുന്നു. തുക എന്താവശ്യത്തിന് പിരിച്ചതാണെന്നും ചെലവഴിക്കാൻ അവശേഷിക്കുന്ന തുക എത്രയാണെന്നുമുള്ള വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

11. വസ്തുനികുതി ഡിമാന്റ് (25572959)കളക്ഷൻ (18711248) നീക്കിയിരുപ്പ് (7230077) തുകകൾ പൊരുത്തപ്പെടുന്നില്ല ലൈബ്രറി സെസ് ഉൾപ്പെടെ 7204796 രൂപയാണ് അവശേഷിക്കേണ്ടത്.

12 നഗരസഭയുടെ KURDFC ലോൺ 8 കോടി രൂപ ബാദ്ധ്യത ഉൾപ്പെടുത്തിയിട്ടുണ്ട് .എന്നാൽ ലോൺ രജിസ്റ്റർ ഹാജരാക്കിയില്ല.

13. RP 41 ഷെഡ്യൂളിൽ ഇലക്ട്രിസിറ്റി ഡിപ്പോസിറ്റ് എന്ന ഇനത്തിൽ 30570/- രൂപ വരവുണ്ട്, ഇത് ഏത് വരവാണെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല.

14. Contractors Earnest Money Deposit Specific Grants എന്ന ഇനത്തിൽ 77275/- രൂപ മുൻവർഷവും തൻവർഷവും നീക്കിയിരുപ്പ് കാണുന്നുണ്ട്. ഇത് വിശദീകരിക്കപ്പെട്ടിട്ടില്ല.

15. സർക്കാരിൽ നിന്നും ലഭിച്ച വിവിധ ഗ്രാന്റുകളുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ബി-17/ആർ.പി 40(a) ഷെഡ്യൂളിൽ ഉൾപ്പെട്ട വിവിധ അക്കൗണ്ടുകളുടെ റീകൺസിലേഷൻ പത്രികകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

16. അഡ്വാൻസ് രജിസ്റ്ററിൽ നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് നൽകിയ മുൻകൂറുകൾ നൽകിയതിന്റെ വിശദാംശങ്ങൾ ഉൾപ്പെട്ട രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

17.40 (B) ഷെഡ്യൂളിൽ നിലനിൽക്കുന്ന വിവിധ അക്കൌണ്ടുകളിലെ മൂന്ന് മാസത്തിലധികമായ നിരവധി ചെക്കുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടെങ്കിലും ടി തുകകൾ Liability In Respect Of Stale Cheque എന്ന ഹെഡിലേക്ക് മാറ്റിയിട്ടില്ല

18. നഗരസഭയ്ക്ക് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ബി-4 ഷെഡ്യൂളിൽ ബാദ്ധ്യതയായി നിലനിൽക്കുന്ന വിവിധ ഗ്രാന്റുകളുടെ എ.സി.ആർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം സെക്രട്ടറി സാക്ഷ്യപ്പെടുത്തി എ.സി.ആർ. പ്രകാരം ആധികാരികമാക്കേണ്ടതായിരുന്നു.

19. 40 (B)ഷെഡ്യൂളിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന അക്കൌണ്ടുകളുടെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

SBT (Ownfund) (ബാങ്ക് പാസ് ബുക്ക് ഹാജരാക്കിയില്ല.)

SBT (Other Fund)

ICIC Bank (CFC Grant)

20. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി നഗരസഭ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

21. വരവിനങ്ങളുടെ ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടിയിനത്തിൽ ലഭിച്ച വരവ് തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

22. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18- പ്രകാരം Festival Advances To Employees എന്നയിനത്തിൽ 229280/- രൂപ കിട്ടാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. മുൻവർഷങ്ങളിൽ ഉൾപ്പെടെ ലഭിക്കാനുള്ള തുകയാണിത്, ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല.
വാർഷിക കണക്കിലെ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക് (28/16.03.23) ന് മറുപടി ലഭ്യമാക്കിയില്ല. വാർഷിക കണക്കിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 72702230 |
| വരവ് | 265570327 |
| ആകെ | 338272557 |

| | |
|---|---|
| ചെലവ് | 239782158 |
| നീക്കിയിരിപ്പ് | 98490399 |

വരവിനങ്ങളുടെ നഷ്ടം – 4908015

ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക – 283996

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക – 4657408

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ആകെ | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 28510733 | 28510733 | 28510000 | 733 |
| വികസന ഫണ്ട്(എസ്.സി.പി.) | | 7727700 | 7727700 | 4211686 | 3506014 |
| വികസന ഫണ്ട് (റ്റി.എസ്.പി) | | | | | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 18576125 | 18576125 | 10781596 | 7794529 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 18387072 | 18387072 | 14575583 | 3811489 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ് ഗ്രാന്റ്) | | 46494581 | 46494581 | 21021546 | 25473035** (11040095-Bank) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (അൺ ടൈഡ് ഗ്രാന്റ്) | | 16628254 | 16628254 | 13231517 | 3396737* (7164000-Bank) |

*

**

ACR ലെ ചെലവ് തുകകൾ യഥാർത്ഥ ചെലവ് തുകയെ പ്രതിഫലിപ്പിക്കുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 222 | 179430093 | 155 | 102752122 | ഇല്ല | 67 | 69.81% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 1098413 | 10057874 | 11156287 | 669772 | |
| | | | 9945690 | |
| 1098413 | 10057874 | 11156287 | 10615462 | 540825 |

വാർഷിക കണക്കും എൻ.ആർ.ഇജി.എസ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തക്കേടുകൾ ഉണ്ടായിരുന്നതിനാൽ എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റിനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 340320 | 310 |
| കർഷകതൊഴിലാളി പെൻഷൻ | 4991000 | 281 |
| വിധവാ പെൻഷൻ | 19567100 | 1301 |
| വാർദ്ധക്യകാല പെൻഷൻ | 45485200 | 3205 |
| വികലാംഗ പെൻഷൻ | 7780900 | 505 |
| അവിവാഹിത പെൻഷൻ | 2237800 | 154 |

## 1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ വകുപ്പ് - 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-03-23 തീയതിയിൽ 3.50-ന് സ്ഥാപനമേധാവിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 58229/- രൂപയുടെ ക്യാഷ് ബാലൻസ് കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2.വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ വർഷാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല. പ്രത്യേകിച്ചും വസ്തു നികുതി സംബന്ധിച്ച ആകെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം നഗരസഭയിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

4. കടമുറി യഥാസമയം വാടകയ്ക്ക് നല്കുന്നതിനും വാടക ഈടാക്കുന്നതിലും നഗരസഭ അധികൃതർ ശ്രദ്ധ ചെലുത്തുന്നില്ല

5. ബസ് സ്റ്റാന്റ് പിരിവ്, മത്സ്യമാർക്കറ്റ് പിരിവ് എന്നിവയുടെ കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിലെ കാലതാമസം വരുമാന നഷ്ടത്തിനിടയാക്കുന്നു.

6.നഗരസഭയിൽ പ്രവർത്തിക്കുന്ന കരാറുകാർ, വക്കീലൻമാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്തതായി കാണുന്നില്ല

7.ലഭിക്കേണ്ടുന്ന വിനോദനികുതിയുടെ കൃത്യത പരിശോധിക്കപ്പെടുന്നില്ല.

8.വാട്ടർ അതോറിറ്റി ഏറ്റെടുത്ത നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാതെ എസ്റ്റിമേറ്റ് തുക റിവൈസ് ചെയ്ത് നഗരസഭയിൽ നിന്നും അധികതുക ആവശ്യപ്പെടുന്നത് മൂലം വൻനഷ്ടമാണ് നഗരസഭയ്ക്ക് ഉണ്ടാകുന്നത്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 റെസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽകുറവ് - 49 ലക്ഷം

ചേർത്തല നഗരസഭയിലെ വിവിധ റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ റെസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കി അനുമതി നൽകിയിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച അപേക്ഷയിൽ ടാർ/കോൺക്രീറ്റ് റോഡുകളിൽ ഉണ്ടാകുന്ന ട്രഞ്ചിന്റെ വീതി 1.5 മീറ്ററാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ അയത് പരിഗണിക്കാതെ 1x 1x 1മീറ്റർ അളവിൽ മാത്രമേ കുഴി എടുക്കാവൂ എന്ന് അനുമതി ഉത്തരവിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് വരുന്ന ട്രഞ്ചിന്റെ വീതി 1 മീറ്ററാണ്. സർക്കുലർ നമ്പർ CE/R&B/GL-RC/2/2019 തീയതി 30-03-2019 ലെ നിർദ്ദേശം അനുസരിച്ച് റെസ്റ്റോറേഷൻ വീതി ട്രഞ്ച് വിഡ്ത്തിന്റെ 1.5 മടങ്ങായിരിക്കും. ഇതു പ്രകാരം ട്രഞ്ചിന്റെ വീതി 1

മീറ്ററാകുമ്പോൾ റെസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കുന്നതിന് എടുക്കേണ്ട റെസ്റ്റോറേഷൻ വീതി 1.5 മീറ്ററാണ്. എന്നാൽ ഇതിനു പകരം റെസ്റ്റോറേഷൻ വീതി 1 മീറ്ററായി കണക്കാക്കിയാണ് റെസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയിരിക്കുന്നത്. അതിനാൽ ഈയിനത്തിൽ കുറവ് സംഭവിക്കാനിടയായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഫയൽ നമ്പർ | അപേക്ഷയിൽ കാണിച്ചിരിക്കുന്ന ട്രഞ്ചിന്റെ അളവ് | ഈടാക്കിയ റെസ്റ്റോറേഷൻ ചാർജ്ജിന്റെ വിവരം | അനുമതി ഉത്തരവിലെ അളവു പ്രകാരം ഈടാക്കേണ്ടിയിരുന്ന ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | Pw1 -3705/21 | 850മീറ്റർ X1.5 X1.5 | 20Mm Open Graded Chipping Carpet -5 X1 = 5m$^2$ @ 3179.04 = 15895<br>Shoulder Cutting – 850 X1 =850 M$^2$ @ 1530.77 = 1301155<br>ആകെ – 1317050 | 5 X 1.5 = 7.5 M$^2$ @ 3179.04 = 23843<br>850 X1.5 = 1275 M$^2$ @1530.77 = 1951732<br>ആകെ – 1975575 | 658525 |
| 2 | Pw1 -677/21 | 380മീറ്റർ X1.5 X1.5 | 20Mm Open Graded Chipping Carpet 380 X1 = 380m$^2$ @ 3090.57 = 1174417 | 380 X1.5 = 570 M$^2$@3090.5 = 1761625 | 587208 |
| 3 | Pw1 -1741/21 | 2180മീറ്റർ X1.5 X1.5 | 20Mm Open Graded Chipping Carpet 2180 X1 = 2180m$^2$ @ 3090.57 = 6737443 | 2180x1.5 = 3270 M$^2$ = 10106164 | 3368721 |
| 4 | Pw1-111/21 | 193 പോളുകൾ സ്ഥാപിക്കൽ അളവു രേഖപ്പെടുത്തിയിട്ടില്ല | BT സർഫസ് - 187 X1 = 187m$^2$ @ 3090.57 = 577936.59<br>ഗ്രാവൽ സർഫസ് – 6x1 =6 M$^2$ @ 1530.77 = 9184.62<br>ആകെ – 587121.21 | 187 X 1.5 =280.5 M$^2$ @ 3090.57 = 866905<br>6 X1.5 = 9 M$^2$ @1530.77 = 13777<br>ആകെ – 880682 | 293561 |
| | ആകെ | | | | 4908015 |

കുറവു വന്ന തുക മേൽ സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (11/13-03-23)മറുപടി ലഭ്യമാക്കിയില്ല.

## 1-11 കടമുറി യഥാസമയം വാടകയ്ക്ക് നല്കുന്നതിനും വാടക ഈടാക്കുന്നതിലും നഗരസഭ അധികൃതർ ശ്രദ്ധ ചെലുത്തുന്നില്ല

2021-22 വർഷത്തെ വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, കണ്ടെത്തിയ വിവരങ്ങൾ താഴെ കൊടുക്കുന്നു.

എ). നഗരസഭ വാടകയ്ക്ക് നല്കിയ കടമുറിയിൽ പ്രവർത്തിക്കുന്ന വാടകക്കാർ യഥാസമയം വാടക ഒടുക്കുന്നില്ല.

നഗരസഭയുടെ വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, നഗരസഭ വാടകയ്ക്ക് നല്കിയ കടമുറിയിൽ പ്രവർത്തിക്കുന്ന വാടകക്കാർ യഥാസമയം വാടക ഒടുക്കുന്നില്ല. വിശദവിവരം താഴെ പട്ടികയിൽകൊടുക്കുന്നു.

| ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര് | കടമുറി നം. | വാടക കാരന്റെ പേര് | 2021-22 വർഷത്തെ വാടക | കുടിശിഖയുടെ വിവരം |
|---|---|---|---|---|
| ടാക്സി സ്റ്റാന്റ് -1 | 3 | സി എൻ പ്രസന്നകുമാർ | 1341 + GST+ Flood Cess | 07/2018 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| “ | 6 | സെക്രട്ടറി , ചേർത്തല താലൂക്ക് ടെമ്പോ | 353+ GST+ _Flood | 12/2019 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | ആന്റ് കാർ ഡ്രൈവേഴ്സ് യൂണിയൻ | Cess | |
| ടാക്സി സ്റ്റാന്റ് -2 | 4 | ജയലാൽ | 1158+ GST+ Flood Cess | 04/2020 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| ഷോപ്പിംഗ് കോംപ്ലക്സ് - ഇരുമ്പ് പാലത്തിന് സമീപം | 8 | റോസമ്മ | 1172+ GST+ Flood Cess | 07/2019മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| ഗാന്ധി ബസാർ ഷോപ്പിംഗ് കോംപ്ലക്സ് | 1, 39 | മാനേജർ, എസ് ബി ഐ | 41390+ GST+ Flood Cess | 03/2021 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| " | 11 | ആബിദ | 2064+ GST+ Flood Cess | 07/2020 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| മിനി ഷോപ്പിംഗ് കോംപ്ലക്സ് | 9 | ബിജു മോൻ, മണ്ണാപറമ്പ് | 3187+ GST+ Flood Cess | 11/2019 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | 17 | സെക്രട്ടറി, ചേർത്തല താലൂക്ക് പ്രൈവറ്റ് ബസ് ഓപ്പറേഴ്സ് വെൽഴയർ സൊസൈറ്റി | 816+ GST+ Flood Cess | 10/2014 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| മുട്ടം വികസന മാർക്കറ്റ് | 26 | ജോജോ ജോൺ, സൺ ഓഫ് ആൻസി ജോൺ | 351+ GST+ Flood Cess | 06/2020 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| മുട്ടം വികസന മാർക്കറ്റ്- വജിറ്റബിൾ സ്ററാൾ | 10 | ജോബി | 1743+ GST+ Flood Cess | 04/2020 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| " | 33 | പ്രസാദ് ഏ റ്റി | 419+ GST+ Flood Cess | 10/2014 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| ബങ്ക് | 2 | അപ്പുക്കുട്ടൻ പൂവൻചിറ | 2095+ GST+ Flood Cess | 08/2015 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| " | 3 | കൃഷ്ണൻ, വില്ലേജ് ഓഫീസിന് സമീപം | 1284+ GST+ Flood Cess | 06/2014 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| " | 4 | ദിനേശൻ, ഇരുമ്പ് പാലം | 2095+ GST+ Flood Cess | 10/2011 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| " | 12 | നിധി എസ് വെജിറ്റബിൾ സ്റ്റാൾ | 2095+ GST+ Flood Cess | 09/2016 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| " | 46 | റെജി | 1930+ GST+ Flood Cess | 06/2017 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| " | 49 | ദയാലൻ | 2095+ GST+ Flood Cess | 11/2013 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| " | 52 | തനൂജ ഹരിലാൽ | 2095+ GST+ Flood Cess | 12/2014 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| " | 53 | ബിജി ലാൽ | 2095+ GST+ Flood Cess | 07/2014 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| " | 54 | മോഹൻദാസ് എം കെ | 2095+ GST+ Flood Cess | 09/2012 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| " | 56 | രതി എംഎം | 2095+ GST+ Flood Cess | 05/2014 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| " | 63 | വേണു | 1599+ GST+ Flood Cess | 08/2016 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| " | 71 | മഹേഷ് കുമാർ | 1069+ GST+ Flood Cess | 04/2018 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| " | 80 | കാർത്തികേയൻ | 1599+ GST+ | 03/2014 |

| | | | | |
|---|---|---|---|---|
| | | | Flood Cess | മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| “ | 81 | വിനോദ് | 2095+ GST+ Flood Cess | 07/2018 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| “ | 85 | ദാസൻ റ്റി എ | 2095+ GST+ Flood Cess | 02/2018 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| “ | 86 | സുരേഷ് | 2095+ GST+ Flood Cess | 04/2013 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| ബങ്ക് , താലൂക്ക് ആശുപത്രിയ്ക്ക് സമീപം | 2 | തിലകൻ | 645+ GST+ Flood Cess | 02/2020 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല. |
| | 12 | ചന്ദ്രശേഖരൻ നായർ | 331+ GST+ Flood Cess | 07/2020 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല |
| | 17 | ലിസി | 331+ GST+ Flood Cess | 05/2014 മുതലുള്ള വാടക തുക അടവാക്കിയിട്ടില്ല |

മേൽ വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/തീയതി-08.03.2023) ലഭ്യമാക്കിയ മറുപടിയിൽ, നഗരസഭ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. വിഷയം അടിയന്തിരമായി കൌൺസിലിൽ ചർച്ച ചെയ്ത് കുടിശ്ശിക തുക ഈടാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

ബി). നഗരസഭ വാടകയ്ക്ക് നല്കാതെ ഒഴിഞ്ഞ് കിടക്കുന്ന കടമുറികളുടെ വിവരം

നഗരസഭയുടെ വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, നഗരസഭ വാടകയ്ക്ക് നല്കാതെ വേക്കന്റ് എന്ന് രേഖപ്പെടുത്തിയ കടമുറികളുടെ വിശദവിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

| ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര് | കടമുറി നം. | റിമാർക്സ് |
|---|---|---|
| ജവഹർലാൽ നെഹ്റു ഷോപ്പിംഗ് കോംപ്ലക്സ് | 4, 12, 13, 14, 17, 18, 19, 20, 22, | 2020-21, 2021-22 എന്നീ വർഷങ്ങളിലെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 04/2020 മുതൽ ഒഴിഞ്ഞു കിടക്കുന്നു. |

| | | |
|---|---|---|
| | 23 | |
| ജവഹർലാൽ നെഹ്റു ഷോപ്പിംഗ് കോംപ്ലക്സ് | 8, 9, 10, 11, 15, 16 | 01/2021 മുതൽ ഒഴിഞ്ഞു കിടക്കുന്നു. |
| ഷോപ്പിംഗ് കോംപ്ലക്സ് ദേവി ക്ഷേത്രത്തിന് എതിർവശം | 508Z | 04/2021 മുതൽ ഒഴിഞ്ഞു കിടക്കുന്നു. |
| വനിതാ വ്യവസായ കേന്ദ്രം | 7 | 06/2020മുതൽ ഒഴിഞ്ഞു കിടക്കുന്നു. |
| ടാക്സി സ്റ്റാൻഡ് - ന്യൂ | 11 /B | 2020-21, 2021-22 എന്നീ വർഷങ്ങളിലെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 04/2020 മുതൽ ഒഴിഞ്ഞു കിടക്കുന്നു. |
| ഗാന്ധി ബസാർ ഷോപ്പിംഗ് കോംപ്ലക്സ് | 12 | 05/2021 മുതൽ ഒഴിഞ്ഞു കിടക്കുന്നു. |
| " | 33 | 02/2021 മുതൽ ഒഴിഞ്ഞു കിടക്കുന്നു. |
| " | 41 | 01/2021 മുതൽ ഒഴിഞ്ഞു കിടക്കുന്നു. |
| " | 44,45 | 2020-21 , 2021-22 എന്നീ വർഷങ്ങളിലെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 04/2020 മുതൽ ഒഴിഞ്ഞു കിടക്കുന്നു. |
| മുട്ടം വികസന മാർക്കറ്റ് | 25 | 11/2021 മുതൽ ഒഴിഞ്ഞു കിടക്കുന്നു. |
| മുട്ടം മാർക്കറ്റ് -ന്യൂ ബിൽഡിംഗ് | F4, F5 | 2020-21, 2021-22 എന്നീ വർഷങ്ങളിലെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 04/2020 മുതൽ ഒഴിഞ്ഞു കിടക്കുന്നു. |

മേൽ വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/തീയതി-08.03.2023) ലഭ്യമാക്കിയ മറുപടിയിൽ, ലേലം, പുനർ ലേലം, ഓഫർ എന്നിവ നടത്തിയിട്ടും കടമുറികൾ ഏറ്റെടുക്കുന്നതിന് ആരും തയ്യാറാകാത്തത് മൂലമാണ് വേക്കന്റായി കിടക്കുന്നത് എന്നാണ് അറിയിച്ചത്. എന്നാൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ കടമുറികൾക്കും ലേല നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ലേല ഫയലിൽ കാണുന്നില്ല. ടി വിഷയം കൌൺസിൽ ചർച്ച ചെയ്ത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഓഫർ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതാണ്. വർഷങ്ങളായി ഒഴിഞ്ഞ് കിടക്കുന്നത് ആവർത്തന വാർഷിക വരുമാന ചോർച്ചയാണ്. അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

സി).ഷോപ്പിംഗ് കോംപ്ലക്സ് ദേവി ക്ഷേത്രത്തിന് എതിർ വശം 3-ാം നിലയിൽ കെട്ടിട നം. 508Z എന്ന കടമുറി ശശി, വേലൻ മഹാസഭ, പോംപോഴിച്ചിറ എന്നയാൾ 2020-21 വർഷം വാടകയ്ക്ക് എടുത്തിട്ടുള്ളതാണ്. ഡിമാന്റ് രജിസ്റ്റർ പ്രകാരം 2020-21 വർഷത്തെ വാടക ഡിമാന്റ് തുക 9576/-രൂപയാണ്. ടി തുക അടവാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. 2021-22 വർഷത്തെ വാടക ഡിമാന്റ് രജിസ്റ്ററിൽ ടി കടമുറി ഒഴിഞ്ഞ് കിടക്കുന്നതായും കാണുന്നു. 2020-21 വർഷത്തെ വാടക തുക ശശി, വേലൻ മഹാസഭ, പോംപോഴിച്ചിറ എന്നയാളുടെ പക്കൽ നിന്നും വാങ്ങിയതിന്റെ രേഖ ലഭ്യമല്ല.

മേൽ വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/തീയതി-08.03.2023) ലഭ്യമാക്കിയ മറുപടിയിൽ, 04/2013 മുതൽ കുടിശ്ശിക വരുത്തിയതിനെ തുടർന്ന് 2021-22 വർഷം മുതൽ ടി കടമുറി ഒഴിപ്പിച്ചു എന്നും

കുടിശ്ശിക വരുത്തിയ തുക നാളിതുവരെ ഈടാക്കിയിട്ടില്ല എന്നതാണ്. ടി തുക ഈടാക്കാൻ നഗരസഭ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം പരാമർശിച്ചിട്ടില്ല. ആയതിനാൽ, 04/2013 മുതൽ കുടിശ്ശിക തുക ഈടാക്കി രസീതിന്റെ പകർപ്പ് സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഡി). സുവർണ്ണ ജൂബിലി കോംപ്ലക്സിലെ ഒന്നാം നിലയിലെ 3ാം നമ്പർ കടമുറി ഡോ. റിയ ആൻതോമസ്, പോപ്പുലർ ഫിനാൻസ് എന്നയാൾ വാടകയ്ക്ക് എടുത്തിട്ടുണ്ട്. 09/2020വരെ വാടകയിനത്തിൽ മാസം തോറും 6357/-രൂപ നിരക്കിൽ വാടക ഒടുക്ക് വരുത്തിയിട്ടുണ്ട്, പിന്നീട് ടി സ്ഥാപനത്തിൽ നിന്നും വാടക വരവില്ല. എന്നാൽ ടി കടമുറി ലേലത്തിൽ നല്കി വരുമാനം ഈടാക്കുന്നതായി കാണുന്നില്ല.
മേൽ വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/തീയതി-08.03.2023) ലഭ്യമാക്കിയ മറുപടിയിൽ, സാമ്പത്തിക കുറ്റകൃത്യത്തെ തുടർന്ന് ബഹു. ജില്ലാ കളക്ടർ ഓഫീസ് പൂട്ടി സീൽ വെച്ചിട്ടുള്ളതായി വിവരം ലഭിച്ചതിനെ തുടർന്ന് ടി കടമുറി പൂട്ടി എടുക്കുന്നതിന് ആസ്പദമായ സാഹചര്യം അറിയിക്കണമെന്നും ആയതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതി വിധി ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ചേർത്തല നഗരസഭയ്ക്ക് നല്കണമെന്നും കാണിച്ച് ബഹു. ജില്ലാ കളക്ടർക്ക് 06.02.2023-ൽ കത്ത് നല്കിയിരുന്നതാണെന്നും കടമുറി അനുവദിക്കപ്പെട്ട സമയത്ത് ഡെപ്പോസിറ്റ്, വാടക, അഡ്വാൻസ് എന്നീ ഇനങ്ങളിൽ ലൈസൻസി ഒടുക്കിയിട്ടുള്ള 5,40,824/-രൂപ നഗരസഭ വശം ഉള്ളതിനാൽ ടി ഡിപ്പോസിറ്റ് തുകയിൽ നിന്നും വാടക കുടിശികയായ 2,57,301/- രൂപ ഈടാക്കി കുടിശിക തീർപ്പാക്കുന്ന വിഷയം 08.03.2023-ലെ ബഹു ധനകാര്യ സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നെങ്കിലും കളക്ടേറ്റിൽ നിന്നും അറിയിപ്പ്/ഉത്തരവ് ലഭ്യമായതിന് ശേഷം ടി വിഷയം പരിഗണിക്കുന്നതിനായി ടി അജണ്ട മാറ്റി വച്ചിട്ടുള്ളതാണ് എന്നതാണ്.
നിലവിൽ, പ്രതിമാസ വാടക (സീൽ ചെയ്തപ്പോഴുള്ള വാടക – 6357/-രൂപ) ഡിപ്പോസിറ്റിൽ നിന്നും കുറവ് ചെയ്യാമെങ്കിലും കടമുറി ഒഴിപ്പിക്കാതെ നീണ്ടു പോകുമ്പോൾ നഗരസഭയുടെ പക്കലുള്ള ഡിപ്പോസിറ്റ് തുക ഇല്ലാതാകുന്നതിനും വരുമാന നഷ്ടത്തിനും കാരണമാകും. വിഷയത്തിൽ, അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

## 1-12 ലേലം - വരുമാനത്തിൽ ഗണ്യമായ കുറവ്

1) നഗരസഭയ്ക്ക് വിവിധ ലേലങ്ങളിലൂടെ ലഭിക്കേണ്ട വരുമാനത്തിൽ 2021-22 സാമ്പത്തിക വർഷം ഗണ്യമായ കുറവ്

ലേല നോട്ടീസ് പ്രകാരം 01.04.2021 മുതൽ 31.03.2022 വരെ ചുവടെ ചേർക്കുന്ന വിവിധ കടമുറികളും കുത്തകകളും ഏറ്റെടുത്ത് നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്തതായി കാണുന്നു. കടമുറികളിൽ ജവഹർലാൽ നെഹ്റു ഷോപ്പിംഗ് കോംപ്ലക്സിലെ 1-ാം നമ്പർ കടമുറി മാത്രമാണ് ലേലത്തിൽ പോയിട്ടുള്ളത്.

കടമുറികൾ

1) ജവഹർലാൽ നെഹ്റു ഷോപ്പിംഗ് കോംപ്ലക്സ്

കടമുറി നം.1, 4, 12, 13, 14, 17, 18, 19, 20, 22, 23

2) ടാക്സി സ്റ്റാന്റ് ന്യൂ താഴത്തെ നില

റൂം നം. 23/11 ബി

റൂം നം. 23/11 ജെ

3) മാർക്കറ്റ് ന്യൂ മുകൾനില

കടമുറി നം. 23/4 എഫ്

കടമുറി നം. 23/5 എഫ്

വനിത വ്യവസായ കേന്ദ്രം പഴയത് റൂം നം. 7

4)ദേവീക്ഷേത്രത്തിന് എതിർവശം മുകൾനില

കടമുറി നം. 6/508A

5)ഗാന്ധിനഗർ ഷോപ്പിംഗ് കോംപ്ലക്സ്

മുകൾനില റൂം നം. 40

നഗരസഭയുടെ പ്രധാന വരുമാനമാർഗ്ഗമായ കെട്ടിടങ്ങൾ വാടകയ്ക്ക് പോകാത്തതുമൂലം വലിയ വരുമാന നഷ്ടമാണ് 2021-22 കാലയളവിൽ നഗരസഭയ്ക്കുണ്ടായിട്ടുള്ളത്. കെട്ടിടങ്ങൾ ഇപ്രകാരം നിഷ്ക്രിയമായി തുടരുന്നതിനുള്ള കാരണം കണ്ടെത്തി ഉചിതമാർഗ്ഗേണ പരിഹരിക്കുന്നതിന് വിഷയം ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2) നഗരസഭയിലെ ജവഹർലാൽ നെഹ്റു ഷോപ്പിംഗ് കോംപ്ലക്സിലെ ഒന്നാം നമ്പർ കടമുറി ലേലം - നഷ്ടം 34.50

ലക്ഷം

നഗരസഭയിലെ ജവഹർലാൽ നെഹ്റു ഷോപ്പിംഗ് കോംപ്ലക്സിലെ ഒന്നാം നമ്പർ കടമുറി 08.11.2018 ൽ നടന്ന ലേലത്തിൽ 49,50,000/- രൂപയ്ക്ക് ശ്രീ. അനീഷ്, പടിഞ്ഞാറേ മാക്കോറ എന്നയാളുടെ പേരിൽ ലേലം ഉറപ്പിക്കുകയും 2020-21 വർഷം കടമുറി ഒഴിയുകയും 29.05.2020 കൗൺസിൽ തീരുമാനപ്രകാരം തുക തിരികെ നൽകുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നു. 2021-22 വർഷം വീണ്ടും അതേ വ്യക്തിക്കുതന്നെ 15,10,000/- രൂപയ്ക്ക് ലേലം ഉറപ്പിച്ചുനൽകി. 34,50,000/- രൂപ നഷ്ടത്തിലാണ് വീണ്ടും അതേ വ്യക്തിക്കു തന്നെ ലേലം ഉറപ്പിച്ചു നൽകിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 19/13.03.2023) ലഭ്യമാക്കിയ മറുപടിയിൽ 4950000/-രൂപയ്ക്ക് ലേലത്തിനെടുത്ത ശ്രീ. അനീഷ് സാമ്പത്തിക ബുദ്ധിമുട്ടിനെത്തുടർന്ന് കടമുറി തിരികെ ഏല്പിച്ചതായും ടി കടമുറി അനുവദിച്ച സമയത്ത് അടിസ്ഥാന നിക്ഷേപനിരക്ക് 30,00,000/- രൂപയായിരുന്നു എന്നും പല തവണ ലേലം ചെയ്തിട്ടും ലേലത്തിൽ പോകാത്തതിനെത്തുടർന്ന് അടിസ്ഥാന നിക്ഷേപനിരക്ക് 1500000/- രൂപയായി കുറച്ചതിനെത്തുടർന്ന് നടന്ന ലേലത്തിലാണ് വീണ്ടും ടിയാൾ 15,10,000/- രൂപയ്ക്ക് ലേലത്തിൽ പിടിച്ചത് എന്നും മറുപടി നൽകി. നഗരസഭയ്ക്ക് ഇപ്രകാരം 34.50 ലക്ഷത്തിന്റെ നഷ്ടം സംഭവിച്ചത് ഗൗരവമായി വീക്ഷിക്കേണ്ടതും ആയതിന്റെ കാരണം കണ്ടെത്തി പരിഹരിക്കുന്നതിനുമായി നഗരസഭ കൗൺസിലിന്റെ സത്വരശ്രദ്ധ ക്ഷണിക്കുന്നു. ഈ വിഷയത്തിൽ സ്വീകരിക്കുന്ന തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3) കുത്തകകളുടെ ലേലം

ലേലനോട്ടീസ് പ്രകാരം 2021-22 സാമ്പത്തിക വർഷത്തേക്ക് താഴെ പറയുന്ന ലേലങ്ങളാണ് നടന്നിട്ടുള്ളത്.

1) മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഫീസ് പിരിവ്

2) മുനിസിപ്പൽ മാർക്കറ്റ് ഫീസ് പിരിവ്

3) പബ്ലിക് ഹാൾട്ടിംഗ് ഫീസ് പിരിവ്

4) പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ ടി വി വച്ച് പരസ്യം ചെയ്യൽ

5) റെയിൽവേ സ്റ്റേഷന് മുൻവശം പേ ആന്റ് പാർക്ക്

6) കംഫർട്ട് സ്റ്റേഷൻ

7) വള്ളക്കടവ് പുറമ്പോക്ക് ഫീസ് പിരിവ്

8) മുനിസിപ്പൽ പുരയിടത്തിലെ മേലാദായം

എന്നാൽ താഴെ പറയുന്നവ മാത്രമാണ് ലേലത്തിൽ പോയിട്ടുള്ളത്.

| ക്രമ നം. | കുത്തക | ലേലം | ലേലത്തുക 2021-22 | ലേലത്തുക 2019-20 | ലേലത്തുക 2020-21 |
|---|---|---|---|---|---|
| 1 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഫീസ് പിരിവ് | ശ്രീക്കുട്ടൻ മുണ്ടുവീട് മുഹമ്മ പി ഒ | 144000/- (3 മാസത്തേക്ക്) | 13,99,999 | 95000 |
| 2 | മുനിസിപ്പൽ മാർക്കറ്റ് ഫീസ് പിരിവ് | പത്മകുമാർ ഷേണായി | 56250 | 407000 | 450100 |
| 3 | പബ്ലിക് ഹാൾട്ടിംഗ് ഫീസ് പിരിവ് | രതീഷ്, കണ്ണമ്പള്ളിവെളി | 27000 | 145000 | 42000 |
| 4 | വള്ളക്കടവ് പുറമ്പോക്ക് ഫീസ് പിരിവ് | രാമൻ ചെല്ലപ്പൻ | 14215 | 11500 | 13300 |

2019-20 വർഷത്തെ അപേക്ഷിച്ച് 2021-22 വർഷം വരുമാനത്തിൽ ഗണ്യമായ കുറവ് കാണുന്നു. റെയിൽവേ സ്റ്റേഷന് മുൻവശമുള്ള പേ ആന്റ് പാർക്ക് 3 വർഷമായി ലേലത്തിൽ പോകുന്നില്ല. ലേലവരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 തൊഴിൽനികുതി അപാകതകൾ

1. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള വിവരം കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാർക്കും ഡിമാന്റ് നോട്ടീസ് നൽകിയതിന്റെ ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കേണ്ടതാണ്. കൂടാതെ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ എല്ലാ പത്രികകളും കൃത്യമായി

സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ പത്രികകൾ എല്ലാം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വളരെയധികം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കുറച്ച് സ്ഥാപനങ്ങളുടെ പത്രികകൾ മാത്രമാണ് ഓഡിറ്റിൽ ലഭ്യമാക്കിയത്. തുക ഒടുക്കാത്ത സ്ഥാപനങ്ങളുടെ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് കുടിശ്ശികയായി കണക്കാക്കിയിട്ടില്ല.

2. കരാറുകാരുടെയും അഡ്വക്കേറ്റ്സിന്റെയും തൊഴിൽനികുതി ഈടാക്കിയില്ല

1996ലെ കേരള മുനിസിപ്പാലിറ്റി നിയമം (245 മുതൽ 250 വരെ), 1996 ലെ തൊഴിൽ നികുതി ചട്ടങ്ങൾ (ചട്ടം 3(2) മുതൽ 11 വരെ) അനുശാസിക്കുന്നത് പ്രകാരം നഗരസഭ പ്രദേശത്ത് താമസിച്ചുകൊണ്ട് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളും തൊഴിൽകരം അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ സാമ്പത്തിക വർഷത്തിൽ നഗരസഭയിൽ നിന്നും പരിശോധനയ്ക്കായി ഹാജരാക്കിയ രജിസ്റ്ററുകൾ, പരിശോധിച്ചതിൽ നഗരസഭയിൽ പ്രവർത്തിക്കുന്ന കരാറുകാർ, വക്കീലൻമാർ എന്നിവരിൽ നിന്നും തൊഴിൽനികുതി അടച്ചതായി കാണുന്നില്ല. വക്കീലൻമാരുടെ സംഘടനയായ ബാർ അസോസിയേഷന്റെ വെബ്സൈറ്റായ അഡ്വക്കേറ്റ്സ് ഓഫ് കേരള.കോം(advocatesofkerala.com) എന്ന സൈറ്റിൽ ചേർത്തല ബാർ അസോസിയേഷനിൽ വക്കീലൻമാർ ഉള്ളതായി കാണിയ്ക്കുന്നുണ്ട്. എന്നാൽ പ്രസ്തുത വക്കീലൻമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3. ഡ്രൈവിംഗ് സ്കൂളുകളുടെ തൊഴിൽ നികുതി

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2ഡ്രൈവിംഗ് സ്കൂളുകളിൽ നിന്നുമാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ ഡ്രൈവിംഗ് സ്കൂളുകളുടെയും വിശദാംശങ്ങൾ നഗരസഭയുടെ പക്കലില്ല. നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ ഡ്രൈവിംഗ് സ്കൂളുകളുടേയും കണക്കുകൾ ശേഖരിച്ച് ആയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. തൊഴിൽ നികുതി ഒടുക്കിയതിന്റെ രസീതുകൾ ഹാജരാക്കിയില്ല.

നഗരസഭ പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയിൽ നിന്നും സർക്കാർ കാലാകാലങ്ങളിൽ ഇളവ് നൽകിയ വിഭാഗത്തിന്റെയൊഴികെ തൊഴിലിലോ ജോലിയിലോ കലയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ്. എന്നാൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടേയും ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/10.3.23) ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽനികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ പിന്നീട് ലഭ്യമാക്കുമെന്ന് അറിയിക്കുകയുണ്ടായി.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെഎസ്ഇബി ഇലക്ട്രിക്കൽ ഡിവിഷൻ, ചേർത്തല (ജീവനക്കാരുടെ) | രണ്ടാം അർദ്ധവർഷം |
| 2 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സെക്ഷൻ ഓഫീസ്, ചേർത്തല (ജീവനക്കാരുടെ) | രണ്ടാം അർദ്ധവർഷം |
| 3 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കനാൽ സെക്ഷൻ ഇറിഗേഷൻ ഓഫീസ്, ചേർത്തല (ജീവനക്കാരുടെ) | രണ്ടാം അർദ്ധവർഷം |
| 4 | അഭിലാഷ് ഡെന്റൽ ക്ലിനിക്ക്, ചേർത്തല | രണ്ടാം അർദ്ധവർഷം |
| 5 | സബ് രജിസ്ട്രാർ ട്രാൻസ്പോർട്ട് ഓഫീസ്, ചേർത്തല (ജീവനക്കാരുടെ) | ഒന്നും രണ്ടും അർദ്ധവർഷം |
| 6 | ഫുഡ് ക്രാഫ്റ്റ് ഇൻഡസ്ട്രീസ്, ചേർത്തല | രണ്ടാം അർദ്ധവർഷം |
| 7 | കേരളാ വാട്ടർ അതോറിറ്റി, പി എച്ച് സെക്ഷൻ, ഉറവൂർ, ചേർത്തല (ജീവനക്കാരുടെ) | രണ്ടാം അർദ്ധവർഷം |
| 8 | സെന്റൽ എക്സൈസ്, ചേർത്തല | ഒന്നും രണ്ടും അർദ്ധവർഷം |
| 9 | മാനേജർ, മാവേലി മെഡിക്കൽ സ്റ്റോർ | രണ്ടാം അർദ്ധവർഷം |

| | | |
|---|---|---|
| 10 | അസി.എഞ്ചിനീയർ, Pwd എൻ എച്ച് സെക്ഷൻ, പട്ടണക്കാട് (ജീവനക്കാരുടെ) | ഒന്നാം രണ്ടും അർദ്ധവർഷം |
| 11 | പൊൻപൻ ടെക്സ്റ്റൈൽസ് | ഒന്നാം രണ്ടും അർദ്ധവർഷം |
| 12 | ഐകെഎം ചേർത്തല | രണ്ടാം അർദ്ധവർഷം |
| 13 | ഐഡിബിഐ ബാങ്ക് ലിമിറ്റഡ്, ചേർത്തല | രണ്ടാം അർദ്ധവർഷം |
| 14 | രാം കൊയർ മിൽസ്, ചേർത്തല | രണ്ടാം അർദ്ധവർഷം |
| 15 | എസ് ബി കോളേജ് ഓഫ് എഞ്ചിനീയറിംഗ് (ജീവനക്കാരുടെ) | രണ്ടാം അർദ്ധവർഷം |
| 16 | കാർ വാലി, ചേർത്തല | ഒന്നാം രണ്ടും അർദ്ധവർഷം |
| 17 | മാനേജർ സിസിടി ഓഫീസ്, ചേർത്തല | ഒന്നാം രണ്ടും അർദ്ധവർഷം |
| 18 | എക്സ്സൽ ഐ ടി സി, ചേർത്തല | ഒന്നാം രണ്ടും അർദ്ധവർഷം |
| 19 | മാനേജർ, ദാമോദർ പൈ സൺസ് ചേർത്തല | ഒന്നാം രണ്ടും അർദ്ധവർഷം |
| 20 | ഐശ്വര്യ ടെക്സ്റ്റൈൽസ്, ചേർത്തല | രണ്ടാം അർദ്ധവർഷം |
| 21 | യുവർ കോളേജ് | ഒന്നാം രണ്ടും അർദ്ധവർഷം |
| 22 | ഹട്സ് റസ്റ്റോറന്റ്, ചേർത്തല | ഒന്നാം രണ്ടും അർദ്ധവർഷം |
| 23 | എം എ ബേക്ക്സ്, ചേർത്തല | ഒന്നാം രണ്ടും അർദ്ധവർഷം |
| 24 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്സ് | ഒന്നാം രണ്ടും അർദ്ധവർഷം |
| 25 | മർച്ചന്റ്സ് അസോസിയേഷൻ | ഒന്നാം രണ്ടും അർദ്ധവർഷം |
| 26 | ചേർത്തല ടൌൺ ട്രേഡേഴ്സ് വെൽഫയർ | ഒന്നാം രണ്ടും അർദ്ധവർഷം |
| 27 | മൈ ജി<br>മൈ ജനറൽ ഡിജിറ്റൽ ഹബ് | രണ്ടാം അർദ്ധവർഷം |
| 28 | സെക്രട്ടറി, ചേർത്തല താലൂക്ക് വ്യാപാരി വ്യവസായി | രണ്ടാം അർദ്ധവർഷം |
| 29 | എൻ എം നെടുംപറമ്പിൽ ലിമിറ്റഡ് | ഒന്നാം രണ്ടും അർദ്ധവർഷം |
| 30 | ഹിൽടോപ്പ് ചേർത്തല | ഒന്നാം രണ്ടും അർദ്ധവർഷം |
| 31 | ട്രാവൻകൂർ മോട്ടേഴ്സ് | ഒന്നാം രണ്ടും അർദ്ധവർഷം |

തൊഴിൽ നികുതി ഈടാക്കി രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-14 ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഈടാക്കിയില്ല

നഗരസഭ പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയിൽ നിന്നും സർക്കാർ കാലാകാലങ്ങളിൽ ഇളവ് നൽകിയ വിഭാഗത്തിന്റെയൊഴികെ തൊഴിലിലോ ജോലിയിലോ കലയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് മുൻസിപ്പാലിറ്റിയിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ 21-22 വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല.

| സ്ഥാപനം | ഒരു അർദ്ധവർഷത്തെ ഡിമാന്റ് | ഒന്നാം അർദ്ധവർഷം ഈടാക്കേണ്ടത് | രണ്ടാം അർദ്ധവർഷം ഈടാക്കേണ്ടത് |
|---|---|---|---|
| പ്രൊപ്രൈറ്റർ നം.82 | 300 | 300 | 300 |
| സുശീല ഇൻഡ്യൻ റ്റി | 1250 | 1250 | 1250 |
| സജീവ് കുമാർ സാരഥി എഡ്യൂ.ട്രസ്റ്റ് | 1250 | 1250 | 1250 |
| കെ.വി ശശിധരൻ ബെസ്റ്റ് ഫോട്ടോസ്റ്റാറ്റ് | 180 | തുക ഒടുക്കി | 180 |
| മോഹൻദാസ് എ വൺ ഇൻസ്റ്റിറ്റ്യൂഷൻ | 450 | തുക ഒടുക്കി | 450 |
| വി എൻ നാരായണൻ ഉണ്ണി ബ്രദേഴ്സ് | 750 | തുക ഒടുക്കി | 750 |
| ബാബു അപ്ഹോൾസ്റ്ററി വർക്സ് | 300 | 300 | 300 |
| പവർ ഇലക്ട്രോണിക്സ് റിപ്പയർ | 300 | തുക ഒടുക്കി | 300 |
| ഗോപി സ്റ്റേഷനറി കൂൾബാർ | 450 | തുക ഒടുക്കി | 450 |
| ഗീത ചിപ്പ്സ് കോർണർ | 450 | തുക ഒടുക്കി | 450 |
| ശിവദാസൻ സ്റ്റാർ വാച്ച് ഹൌസ് | 300 | 300 | 300 |
| വി പി ജോസഫ് വൈദ്യക്കാരൻ ഫർണിച്ചർ | 450 | 450 | 450 |
| ശിവശങ്കരപണിക്കർ കുമാർ പെയിന്റിംഗ്സ് | 750 | 750 | 750 |
| വി റ്റി ഇന്ദിരാദേവി രാഗസ് ഓട്ടോമൊബൈൽസ് | 450 | 450 | 450 |
| ബോബ് മാത്യൂ കെവിൻ ടെയിലറിംഗ് | 450 | തുക ഒടുക്കി | 450 |
| ജോസപ് പി ഒ കാലിക്കട്ട ലാമിനേഷൻ | 600 | 600 | 600 |
| ഷൈജു മാതാ മെഡിക്കൽസ് | 1000 | തുക ഒടുക്കി | 1000 |
| ആലീസ് ജോസഫ് വടക്കേക്കരി | 750 | തുക ഒടുക്കി | 750 |
| ഷിനോയി ജോസഫ് ഷൂമാർട്ട് | 300 | 300 | 300 |

| | | | |
|---|---|---|---|
| അനിത രാധാകൃഷ്ണൻ അത്തം ക്ലബ്ബാർ | 300 | 300 | 300 |
| ചന്ദ്രശേഖരവാര്യർ കോട്ടയ്ക്കൽ ആര്യവൈദ്യശാല | 750 | തുക ഒടുക്കി | 750 |
| മാനജർ യൂണൈറ്റഡ് ഇൻഡ്യാ ഇൻഷുറൻസ് ലിമി. | 1250 | 1250 | 1250 |
| വസന്താ കളക്ഷൻസ് | 1250 | തുക ഒടുക്കി | 1250 |
| സെലീനാ ഡ്രസസ്സ് | 300 | | 300 |
| ഡോ.അനുപമാ ഗിരി തൈക്കാട് ക്ലിനിക്ക് | 1250 | തുക ഒടുക്കി | 1250 |
| വിഷ്ണു യെല്ലോ ക്ലിനിക്ക് | 1250 | | 1250 |
| സോഡിയാക്ക് ബ്യൂട്ടിപാർലർ | 1000 | 1000 | 1000 |
| ആദിത്യാ ആയുർവ്വേദിക്ക് | 1000 | 1000 | 1000 |
| സിയോൻ കംപ്യൂട്ടേഴ്സ് | 1000 | 1000 | 1000 |
| സോഡിയാക്ക് ടെയിലറിംഗ് | 750 | 750 | 750 |
| ഡോ.വേണുഗോപാൽ ഡെന്റൽ ട്രാൻസ്പ്ലാന്റിംഗ് | 1250 | 1250 | 1250 |
| ചൈതന്യ ഇംപെക്സ് സ്പൈസസ് | 750 | 750 | 750 |
| പല്ലവി ജ്വവലേഴ്സ് | 1250 | 1250 | 1250 |
| കെ എൻ ജി ടെക്സ്റ്റെൽസ് | 1250 | തുക ഒടുക്കി | 1250 |
| നിറക്കൂട്ട് ടെക്സ്റ്റയിൽസ് | 1250 | തുക ഒടുക്കി | 1250 |
| കിഷോർ ജയപ്രസാദ് കലീസ് ട്രെൻഡി | 1000 | 1000 | 1000 |
| ഷഹനാസ് ഹെർബൽ ബ്യൂട്ടിപാർലർ | 1250 | 1250 | 1250 |
| ചിക്കൂസ് സിൽക്ക്സ് | 1250 | 1250 | 1250 |
| ദുബായ് ബസാർ | 1250 | 1250 | 1250 |
| സെൽ കെയർ ഫൈസൽ ബി | 1250 | 1250 | 1250 |
| മധു ഹോപ്പ് ഇൻസ്റ്റിറ്റ്യൂട്ട് | 1250 | 1250 | 1250 |
| കാർത്തികാ ഫാഷൻ ജ്യൂവലറി | 1250 | തുക ഒടുക്കി | 1250 |
| വാണിയപറമ്പിൽ ജ്യൂവലറി | 1250 | | 1250 |
| ബംഗ്ളർ സ്പോർട്ട്സ് | 1250 | 1250 | 1250 |
| സുരേഷ് കുമാർ പ്ലസ് പോയിന്റ് ടെക്സ്റ്റയിൽസ് | 1250 | തുക ഒടുക്കി | 1250 |
| സുപ്രീം മെറ്റൽസ് | 1250 | 1250 | 1250 |
| ടെക്നോ കൺസ്ട്രക്ഷൻസ് | 1250 | 1250 | 1250 |
| ചിദംബരം വർക്ക്ഷോപ്പ് | 450 | 450 | 450 |

| | | | |
|---|---|---|---|
| രാജേഷ് എ സി വാച്ച് റിപ്പയർ | 180 | 180 | 180 |
| അരുൺ ഗ്യാസ് സ്റ്റൌവ് സെയിൽ | 1000 | 1000 | 1000 |
| സെക്രട്ടറി മിൽക്ക് സൊസൈറ്റി | 1000 | 1000 | 1000 |
| ഹാഷിം ഗോൾഡ് കവറിംഗ് | 1250 | 1250 | 1250 |
| സെക്രട്ടറി കോഓപ്പറേറ്റീവ് ബാങ്ക് | 1250 | 1250 | 1250 |
| കിഷോർ എം ട്രേഡേഴ്സ് ഫ്ലോർമിൽ | 1250 | 1250 | 1250 |
| സോയി സണ്ണി സ്ക്രാപ്പ് സെയിൽ | 1250 | തുക ഒടുക്കി | 1250 |
| തങ്കച്ചൻ ഫ്ളവർ ഷോപ്പ് | 1000 | 1000 | 1000 |
| കുരിശിങ്കൽ ഓയിൽ ഇൻഡസ്ട്രീസ് | 1000 | 1000 | 1000 |
| അനീഷ് എസ് ഫ്ലക്സ് പ്രിന്റിംഗ് | 750 | 750 | 750 |
| ജിജോ ജോസഫ് കൊറിയർ സർവ്വീസ് | 1250 | 1250 | 1250 |
| ആലീസ് അമ്മാ ജെ, ഷോപ്പ് | 1250 | 1250 | 1250 |
| ജോൺ കെ ജെ പ്രൊവിഷൻ സ്റ്റോർ | 1250 | 1250 | 1250 |
| ജയകുമാർ ഏ കെ ജെ കെ പ്ലൈവുഡ് | 1250 | 1250 | 1250 |
| റിയാസ് കെ എം ടെക്സ്റ്റൈൽസ് | 1250 | 1250 | 1250 |
| ഷീജ പെട്രോൾ പമ്പ് | 1250 | 1250 | 1250 |
| സ്റ്റാർ ചിക്കൻ സെന്റർ ചിക്കൻ സെയിൽ | 1000 | 1000 | 1000 |
| വർഗ്ഗീസ് ആന്റ് സൺസ് (റേഷൻ) | 1250 | | |
| ത്രീസ്റ്റാർ അലൂമിനിയം ട്രേഡേഴ്സ് | 1250 | 1250 | 1250 |
| സിബിജോൺ ബിൽഡിംഗ് കൺസ്ട്രക്ഷൻസ് | 1250 | 1250 | 1250 |
| ജോജോ ജേക്കബ് ലോർഡ്സ് എക്സ്പോർട്ടിംഗ് | 1250 | 1250 | 1250 |
| ജയകുമാർ പി എസ് സി കോച്ചിംഗ് സെന്റർ | 1250 | 1250 | 1250 |
| മനോജ്കുമാർ (റേഷൻ മണ്ണെണ്ണ) | 1250 | 1250 | 1250 |
| ജോർജ്ജ് ഫ്രാൻസീസ് സെന്റ് ആന്റണീസ് | 1250 | 1250 | 1250 |

| | | | |
|---|---|---|---|
| വൈദ്യശാല | | | |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ കെഎസ്ഇബി | 1250 | 1250 | 1250 |
| ദാമോദരൻ വുഡ് ട്രേഡിംഗ് | 1250 | 1250 | 1250 |
| അംബിക സോ മിൽ | 1250 | 1250 | 1250 |
| ജോസഫ് പി വി ഗ്രിൽവർക്ക് | 1000 | 1000 | 1000 |
| അസി.മാനേജർ വെയർഹൌസ് | 1250 | 1250 | 1250 |
| മാനേജർ പാർസൽ ഹൌസ് | 1250 | 1250 | 1250 |
| പോൾ ഐസക്ക് ട്രാവൽ ഏജൻസി | 1250 | തുക ഒടുക്കി | 1250 |
| മാനേജർ കംപ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് | 1250 | 1250 | 1250 |
| സുബ്രമണ്യം കെ ആർ ആൽഫാനെറ്റ് കംപ്യൂട്ടർ സിസ്റ്റം | 1250 | 1250 | 1250 |
| സുഹ്റത്ത് ഗാൽ സാനിറ്ററി വെയേഴ്സ് | 1250 | 1250 | 1250 |
| അനിരുദ്ധൻ വി എം കെ ആർ ബേക്ക്സ് | 1250 | 1250 | 1250 |
| ജന്നത്തുൾ സാനിട്ടറിവെയേഴ്സ് | 1250 | 1250 | 1250 |
| ആയൂബ്മെൻ എസി ഫ്രിഡ്ജ് സർവ്വീസിംഗ് | 1250 | 1250 | 1250 |
| ടോം ജോസ് ബ്രിട്ടോ മാതാ ആട്ടോമൊബൈൽസ് | 1250 | 1250 | 1250 |
| രാജേഷ് കുമാർ സൻസൽ ഫോക്കസ് ട്യൂബ്സ് ഇൻഡ്യാ | 1250 | 1250 | 1250 |
| പ്രൊപ്രൈറ്റർ റ്റോഡി ഷോപ്പ് നം 59 | 1250 | 1250 | 1250 |
| വിഷ്ണു പ്രിയൻ ശ്രീ ആഞ്ജനേയ ഏജൻസീസ് | 1250 | 1250 | 1250 |
| കാർട്ടൻ ചിറ്റ്സ് ഫിനാൻസ് | 1250 | 1250 | 1250 |
| മാനേജർ സിൻഡിക്കേറ്റ് ബാങ്ക് | 1250 | 1250 | 1250 |
| മാനേജർ കെ എസ് എഫ് ഇ ലിമിറ്റഡ് | 1250 | 1250 | 1250 |
| റോൾസൺ റ്റി റ്റി ലേഡീസ് സ്റ്റോർ | 1250 | തുക ഒടുക്കി | 1250 |
| മോഹൻദാസ് ഷേണായിസ് ബേക്കേഴ്സ് ആന്റ് ഫാസ്റ്റ് | 1000 | 1000 | 1000 |

| | | | |
|---|---|---|---|
| ഉഡ് | | | |
| ജിതേഷ് വെജിറ്റബിൾ ഷോപ്പ് | 1000 | തുക ഒടുക്കി | 1000 |
| സതീശൻ രേവതി ഡ്രൈവിംഗ് സ്കൂൾ | 1250 | തുക ഒടുക്കി | 1250 |
| ഗണേഷ് ഭട്ട് എസ് വി ഏജൻസീസ് | 600 | 600 | 600 |
| മാനേജർ ഭാരത് ഏജൻസീസ് | 1250 | 1250 | 1250 |
| മാഹിൻ കെ ഒ ലെൻസ് ആന്റ് മോയോ ഒപ്റ്റിക്കൽസ് | 750 | 750 | 750 |
| ജനേഷ് ഡി ആദമുക്കത്ത് ക്ലിനിക്ക് | 1250 | തുക ഒടുക്കി | 1250 |
| മാനേജർ കേരളാ ഗ്രാമീൺ ബാങ്ക് | 1250 | തുക ഒടുക്കി | 1250 |
| മാനേജർ ബാങ്ക് ഓഫ് ഇൻഡ്യാ റ്റി ഡി റോഡ് | 1250 | 1250 | 1250 |
| ഷിബി ബിജു ക്രിസ്റ്റ്യൻ ഹോട്ടൽ | 1250 | 1250 | 1250 |
| ആനന്ദ് ഡെന്റൽ സ്പെഷ്യൽ | 1250 | 1250 | 1250 |
| ഋഷികേശ് ദുർഗ്ഗാ സോമിൽ | 1250 | 1250 | 1250 |
| കാർട്ടൻ ചിറ്റ്സ് ഫൈനാൻസ് | 1250 | 1250 | 1250 |
| മാനേജർ സിൻഡിക്കേറ്റ് ബാങ്ക് | 1250 | 1250 | 1250 |
| മാനേജർ കെ എസ് എഫ് ഇ ലിമിറ്റഡ് | 1250 | 1250 | 1250 |
| മാനേജർ എസ് ബി ഐ ബ്രാഞ്ച് | 1250 | 1250 | 1250 |
| സെൽവരാജ് ധനലക്ഷ്മി ജ്യൂവലറി | 1250 | 1250 | 1250 |
| പയ്യൻസ് കോട്ടൺ ബസാർ | 1250 | 1250 | 1250 |
| പ്രദീപ് ഏആർഡി നം 24 | 1250 | 1250 | 1250 |
| സുവർണ്ണ ജ്വവലറി | 1250 | 1250 | 1250 |
| ഷാബു എസ് റൈസ് ട്രേഡിംഗ് | 1250 | 1250 | 1250 |
| ജോസ് വർഗ്ഗീസ് ലൂങ്കി പാലസ് | 1250 | 1250 | 1250 |
| ജോൺ എ എഫ് ഏർഡി നം 25 | 1250 | 1250 | 1250 |
| വിജയൻ പി വി സീതാ ജ്വവലറി | 1250 | 1250 | 1250 |
| പുരുഷോത്തമൻ നേവിയസ് | 1250 | 1250 | 1250 |

| | | | |
|---|---|---|---|
| ഓട്ടോമേഷൻ | | | |
| ജോസഫ് പി എ<br>ജനറൽ മർച്ചന്റ് | 1250 | 1250 | 1250 |
| ജോസഫ് പി എക്സ് റൈസ് ട്രേഡിംഗ് | 1250 | 1250 | 1250 |
| സദാനന്ദൻ<br>ലക്ഷ്മീസ് ജ്വവലറി | 1250 | 1250 | 1250 |
| മഞ്ജുരാജ്<br>വെജിറ്റബിൾ ഷോപ്പ് | 1250 | 1250 | 1250 |
| കെ സി ചാക്കോ വെജിറ്റബിൾ ഷോപ്പ് | 1250 | 1250 | 1250 |
| സെബാസ്റ്റ്യൻ കെ എസ്<br>കിണറ്റുകര ഓയിൽ മിൽ | 1250 | 1250 | 1250 |
| മാനേജർ ഗേറ്റ് വേ ഫൈനാൻസ് | 1250 | 1250 | 1250 |
| ചാക്കോ വർഗ്ഗീസ് സെന്റ് മേരീസ് ഫ്ലവർസ്റ്റോർ | 1250 | 1250 | 1250 |
| മാനേജർ<br>ജിയോ വി പി എൽ ഫൈനാൻസ് | 1250 | 1250 | 1250 |
| പനയ്ക്കൽ,<br>ഷാരോൺ ബുക്ക്സ് | 1250 | 1250 | 1250 |
| മാനേജർ, ന്യൂ ഇൻഡ്യാ ഇൻഷ്വറൻസ് ലിമിറ്റഡ് | 1250 | 1250 | 1250 |
| മാനേജർ<br>സപ്ലൈകോ സൂപ്പർ മാർക്കറ്റ് | 1250 | 1250 | 1250 |
| എൻ എം നെടും പറമ്പിൽ നിധി | 1250 | 1250 | 1250 |
| ബാബുജോൺ<br>ടൂവീലർ സ്പെയർ പാർട്സ് | 1250 | തുക ഒടുക്കി | 1250 |
| പാർക്കവേൾഡ്കാർട്ടൺ കമ്പനി | 1250 | 1250 | 1250 |
| രത്നം<br>ഏആർഡി നം 4 | 1250 | 1250 | 1250 |
| സുഗതൻ വി റേഷൻ ഷോപ്പ് | 1250 | 1250 | 1250 |
| സുബാഷ് വി കെ സിമന്റ് ഷോപ്പ് | 1250 | 1250 | 1250 |
| രാജേഷ് പി എം<br>ഹൈപോർ സോളിഡ് ബ്രിക്സ് | 1250 | തുക ഒടുക്കി | 1250 |
| ജോസഫ് ജോബ് കൂൾ സൊല്യൂഷൻസ് | 1250 | 1250 | 1250 |
| സെക്രട്ടറി<br>എസ് എൻ എംഎം ഹോസ്പിറ്റൽ | 1250 | 1250 | 1250 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് കെ വി എം ഹോസ്പിറ്റൽ | 1250 | 1250 | 1250 |
| സബിതാ സുരേന്ദ്രൻ ശരത് ഫർണിഷിംഗ് | 1250 | 1250 | 1250 |
| മാനേജർ, നാഷണൽ ഇൻഷ്വറൻസ് കമ്പനി | 1250 | 1250 | 1250 |
| സുന്ദരേശൻ റ്റി ഫർണിച്ചർ സെയിൽ | 1250 | തുക ഒടുക്കി | 1250 |
| രാജേഷ് ആർ എസ് എൻ എം എം ഹോസ്പിറ്റൽ ക്യാന്റീൻ | 1250 | 1250 | 1250 |
| ജോർജ്ജ് വർഗ്ഗീസ് കെ വി എം ഹോസ്പിറ്റൽ ക്യാന്റീൻ | 1250 | 1250 | 1250 |
| ജിജിമോൻ അമൃതാ ഫർണിച്ചർ | 1250 | 1250 | 1250 |
| സാജൻ പി ഡി റ്റോഡി ഷോപ്പ് | 1250 | 1250 | 1250 |
| ഷീലമ്മ ദാസ് ട്രേഡേഴ്സ് | 1250 | 1250 | 1250 |
| സാജു കെ തോമസ് ടൂവീലർ സെയിൽസ് | 1250 | 1250 | 1250 |
| കൊട്ടയം ഡീസൽ ക്ലിനിക്ക് | 1250 | 1250 | 1250 |
| ജോസ് വി ജേക്കബ് വുഡ് മിൽ | 1250 | 1250 | 1250 |
| മധു റസ്റ്റോറന്റ് | 1250 | 1250 | 1250 |
| സതീഷൻകെ പി ഫർണിച്ചർ യൂണിറ്റ് | 1250 | 1250 | 1250 |
| മാനേജർ ഇൻഡസ് ഇൻഡ് ബാങ്ക് | 1250 | തുക ഒടുക്കി | 1250 |
| മാനേജർ ഐഡിഎഫ്സി ഭാരത് ലിമിറ്റഡ് | 1250 | തുക ഒടുക്കി | 1250 |
| നികേഷ് എച്ച് എൻ നിള ട്രേഡിംഗ് | 1250 | 1250 | 1250 |

മേൽ അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/16.03.23) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-15 ഒറ്റത്തവണ ട്രാക്ക് വാടക ഒടുക്കിയത് ഹാജരാക്കാതെ ടെലികോം സർവീസ് പ്രൊവൈഡേഴ്സിന് റോഡ് കട്ടിംഗിന് അനുമതി

ചേർത്തല നഗരസഭയിലെ വിവിധ റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ റെസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കി അനുമതി നൽകിയിട്ടുണ്ട്. GO (MS) No – 25/2018/ITD തീയതി 11-10-2018 പ്രകാരം ടെലികോം സർവീസ് പ്രൊവൈഡേഴ്സ് ഒറ്റത്തവണ ട്രാക്ക് വാടകയായി (One Time Track Rental) കേരള സ്റ്റേറ്റ് ITമിഷൻ ഡയറക്ടറുടെ പേരിൽ ഒറ്റത്തവണ സംഭാവനയായി (One Time Contribution) 75000/കി.മീ നിരക്കിൽ തുക ഒടുക്കേണ്ടതായിരുന്നു. എന്നാൽ ടി തുക ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കാതെയാണ് ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ

സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിരിക്കുന്നത്. ഒടുക്കേണ്ട തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | ഫയൽ നമ്പർ | അപേക്ഷയിൽ കാണിച്ചിരിക്കുന്ന നീളം | ഒടുക്കേണ്ടിയിരുന്ന ഒറ്റത്തവണ ട്രാക്ക് വാടക |
|---|---|---|---|
| 1 | Pw1 -3705/21 | 0.850കിലോമീറ്റർ | 0.850 @75000 = 63750 |
| 2 | Pw1 -677/21 | 0.380കിലോമീറ്റർ | 0.380 @75000 = 28500 |
| 3 | Pw1 -1741/21 | 2.180കിലോമീറ്റർ | 2.180 @75000= 163500 |
| | ആകെ | | 255750 |

പ്രസ്തുത തുക IT മിഷനിൽ ഒടുക്കി എന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം -11/13-03-23)മറുപടി ലഭ്യമാക്കിയില്ല.

## 1-16 വസ്തുനികുതി നിർണ്ണയത്തിലെ അപാകത

വസ്തുനികുതിയുമായി ബന്ധപ്പെട്ട് നഗരസഭയിലെ മുഴുവൻ കെട്ടിടങ്ങളെയും സംബന്ധിച്ച ഡാറ്റാ എൻട്രി സഞ്ചയയിൽ പൂർത്തിയാക്കിയിട്ടുള്ളതാണ്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

-എല്ലാ പെട്രോൾ പമ്പുകളുടെയും കനോപ്പി ഏരിയ വസ്തു നികുതി കണക്കാക്കുന്നതിനായി പരിഗണിച്ചിട്ടില്ല

നഗരസഭയിൽ നിന്നും ലഭ്യമാക്കിയ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകളുടെ ലിസ്റ്റ് പ്രകാരം സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ, കനോപ്പി ഏരിയയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി പുനർനിർണ്ണയം നടത്തി ഈടാക്കുന്നതായി കാണുന്നില്ല. ചുവടെ ചേർത്തിരിക്കുന്ന പട്ടികയിലെ ക്രമ നം 6 ലെ പെട്രോൾപമ്പിന്റെ വസ്തു നികുതി 200 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാളുകളുടെ ഗണത്തിൽപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

| ക്രമനം | കെട്ടിട നം | ഉടമയുടെ പേര് | വസ്തുനികുതി കണക്കാക്കിയിരിക്കുന്ന വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | അടിസ്ഥാന വസ്തുനികുതി |
|---|---|---|---|---|
| 1 | 18/176 | ജേക്കബ് ജോൺ, തങ്കം ഫ്യൂവൽസ് | 48 | 3221 |
| 2 | 19/250B | ജീവൻ ബോസ്, കാളാശ്ശേരി | 550 | 3600 |
| 3 | 11/1615 | ജയശങ്കർ എം | 82.81 | 33750 |
| 4 | 29/265 | ബർമ്മാ ഷെൽ, ലക്ഷ്മി ഫ്യുവൽസ് | 74.16 | 1766 |
| 5 | 29/372A | ശ്രീനിവാസ പ്രഭു, ഹിന്ദുസ്ഥാൻ പെട്രോളിയം | 25 | 744 |
| 6 | 29/645 | വിനോദ് കുമാർ | 229.45 | 27764 |

സഞ്ചയ സോഫ്റ്റ്‌വെയറിലെ അപാകത പരിഹരിച്ച് എല്ലാ പെട്രോൾ പമ്പുകൾക്കും കനോപ്പി ഏരിയ കൂടി പരിഗണിച്ച് നികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

-തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ഈടാക്കുന്നില്ല

സഞ്ചയ പ്രകാരമുള്ള അസസ്സ്മെൻറ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള ചില കെട്ടിടങ്ങളിൽ കടമുറികൾക്ക് വ്യത്യസ്ത നമ്പർ നൽകി 100 ചതുരശ്ര മീറ്ററിന് താഴെയുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ആയതു മൂലം വരുമാനത്തിൽ കുറവ് വരുന്നു. ഉദാഹരണമായി വാർഡ് 13 ലെ കെട്ടിട നമ്പർ 13/54,55,56,58,63,64,65 നമ്പറിലുള്ള കെട്ടിടം 2013 ന് ശേഷം

നിർമ്മിച്ച് പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ ടാക്സ് നിർണ്ണയിച്ചിട്ടുള്ളതാണ്. ഈ കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 242.02 ചതുരശ്ര മീറ്ററാണ്. ചതുരശ്രമീറ്ററിന് 80 രൂപ നിരക്കിൽ നികുതി നിർണ്ണയിക്കേണ്ട ടി കെട്ടിടത്തെ 100 ചതുരശ്ര മീറ്ററിന് താഴെയുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി ചതുരശ്ര മീറ്ററിന് 50 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

ഇപ്രകാരം സഞ്ചയയിൽ തെറ്റായി നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളെ കണ്ടെത്തി ആയത് ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 വിനോദ നികുതി - അടക്കുന്ന നികുതിയുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല

2021-22 സാമ്പത്തിക വർഷത്തിൽ സ.ഉ(സാ.ധാ)നം.2358/2021/ത.സ്വ.ഭ.വ. തീയതി 22.11.2021 പ്രകാരം 2021 ഏപ്രിൽ 1 മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലയളവിലെ വിനോദനികുതിയിൽ ഇളവ് നൽകുവാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. 01/01/22 മുതൽ 28/02/22 വരെയുള്ള കളക്ഷൻ തുകയാണ് 2021-22 സാമ്പത്തിക വർഷം ലഭിച്ചിട്ടുള്ളത്. തീയേറ്ററുകൾ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ, പാരഡൈസ് തീയേറ്റർ Daily Collection Reportനു പകരം ഹാജരാക്കിയ ഡിസ്ട്രിബ്യൂഷൻ റിപ്പോർട്ടുകൾ പ്രകാരം ഓരോ സ്ക്രീനിലുമായി ഓരോ മാസവും വിറ്റുപോകുന്ന ടിക്കറ്റുകളുടെ എണ്ണം സംബന്ധിച്ച ആധികാരികത പരിശോധിക്കുവാൻ സാധിക്കുന്നില്ല. എന്നാൽ കൈരളി ശ്രീ തീയേറ്ററിന്റെ Daily Collection Report പരിശോധനയ്ക്ക് ലഭിച്ചിരുന്നു.

സ.ഉ(കൈ)നം.112/2019/ത.സ്വ.ഭ.വ തീയതി 31.08.2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയും ഈടാക്കാവുന്നതാണ്. എന്നാൽ പാരഡൈസ് തീയേറ്റർ ഹാജരാക്കിയ ഡിസ്ട്രിബ്യൂഷൻ റിപ്പോർട്ടുകൾ പരിശോധിച്ചതിൽ സ്ക്രീൻ 1, സ്ക്രീൻ 2 എന്നിവയിലെ ഗോൾഡ് ക്ലാസ്സ് ടിക്കറ്റുകളുടെ Rate Of Admission 100.15/- രൂപയും ആകെ നിരക്ക് 130 രൂപയുമാണെങ്കിലും ഇവയ്ക്ക് 100 രൂപയ്ക്ക് മുകളിലുള്ള ടിക്കറ്റുകൾക്ക് ഈടാക്കാവുന്ന 8.5% വിനോദനികുതി ഈടാക്കിയതായി കാണുന്നില്ല. 2022 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പാരഡൈസ് തീയേറ്റർ

| മാസം | ടിക്കറ്റുകളുടെ എണ്ണം | ഈടാക്കിയ വിനോദ നികുതി @ 5.01% |
|---|---|---|
| ജനുവരി | Screen 1- 4574 | 4574x5.01=22915.74 |
| | Screen 2 -3691 | 3691x5.01=18491.81 |
| ഫെബ്രുവരി | Screen 1- 3381 | 3381x5.01=16948 |
| | Screen 2 -3383 | 1888x5.01=9458.88 |

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിനുള്ള(നം -20/13.3.23) മറുപടിയിൽ, ഓഡിറ്റന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ദിവസ, മാസ കണക്കുകൾ കൺസോളിഡേറ്റ് ചെയ്ത് റിപ്പോർട്ട് നൽകണമെന്ന് പാരഡൈസ് തീയേറ്ററിന് നോട്ടീസ് അയച്ചതിൻ പ്രകാരം ജനുവരി, ഫെബ്രുവരി മാസങ്ങളിലെ റിപ്പോർട്ട് ലഭ്യമാക്കിയെന്നും ആയത് പരിശോധിച്ചതിൽ ജനുവരി മാസത്തെ സ്റ്റേറ്റ്മെന്റ് പ്രകാരം, മുൻപ് സമർപ്പിച്ച കണക്കിലെ ടിക്കറ്റുകളുടെ എണ്ണത്തിൽ കുറവ് ഉണ്ടായിരുന്നതിനാൽ കുറവ് വന്ന തുക (341/-രൂപ) 20.3.23 തീയതിയിൽ നഗരസഭയിൽ ഒടുക്ക് വരുത്തിയതായും അറിയിച്ചു. കൂടാതെ സർക്കാർ ഉത്തരവ് പ്രകാരം അടവാക്കേണ്ട നികുതി നിരക്കിൽ വന്ന വ്യത്യാസം മൂലം കുറവ് വന്ന തുക അടവാക്കുന്നതിന് പാരഡൈസ് തീയേറ്ററിന് അറിയിപ്പ് നൽകിയതായും അറിയിച്ചു. ടിക്കറ്റ് നിരക്കിന് ആനുപാതികമായി നഗരസഭയ്ക്ക് ലഭ്യമാകേണ്ട വിനോദനികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ജൈവ വാതക നിലയം - സബ്സിഡി അധികം അനുവദിച്ചു

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ജൈവ വാതക നിലയം |
| പ്രോജക്റ്റ് നം. | 240/22 |
| ഫയൽ നം. | പി.എച്ച്.1/137/2020 |
| അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 13,79,227/-രൂപ |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 12,86,250/-രൂപ |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 8,56,275/-രൂപ |
| ഗുണഭോക്തൃ വിഹിതം | 1,53,248/-രൂപ |

| | |
|---|---|
| ആകെ | 36,75,000/-രൂപ |
| നിർവഹണം | ഹെൽത്ത് ഓഫീസർ |

ചെലവ് വിവരം

| ഫണ്ടിനം | തുക | ബിൽ നം./ചെക്ക് നമ്പർ, തീയതി |
|---|---|---|
| ശുചിത്വമിഷൻ ഗ്രാന്റ് | 180757 | D18283/07.02.22 |
| ശുചിത്വമിഷൻ ഗ്രാന്റ് | 53183 | BR No.21060547001701164300/19.02.22 |
| ശുചിത്വമിഷൻ ഗ്രാന്റ് | 6121 | C102256175651/31.10.22 |
| ശുചിത്വമിഷൻ ഗ്രാന്റ് | 510972 | 018291/31.03.22 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 39438 | BRN-21060547001701524400/30.03.22 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3329 | C102256896423231/31.10.22 |
| ഗുണഭോക്തൃ വിഹിതം | 61950 | 2023-24 വർഷത്തെ ചെലവ് |
| ഗുണഭോക്തൃ വിഹിതം | 57750 | 461199/15.02.22 |
| | 913500 | |

ഗാർഹിക മാലിന്യങ്ങൾ വീടുകളിൽ സംസ്കരിക്കുന്നതിന്റെ ഭാഗമായി 350 ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്യുന്നതിനായി 2019-20 വർഷം മുതൽ നടപ്പാക്കുന്ന പ്രോജക്റ്റാണിത്.

സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ. തീയതി.14.02.2018 സബ്സിഡി മാർഗരേഖ ഖണ്ഡിക 6.8.1) പ്രകാരം ഗാർഹിക തലത്തിലുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് അനുവദനീയമായ പരമാവധി സബ്സിഡി യൂണിറ്റ് കോസ്റ്റിന്റെ 50% ആയിരുന്നു. പ്രസ്തുത നിർദേശം പരിഷ്കരിച്ച കൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ (സ.ഉ.(സാധാ) നം. 3281/2018/ത.സ്വ.ഭ.വ. തീയതി. 31.12.2018) ഗാർഹിക തലത്തിലുള്ള ബയോഗ്യാസ് പ്ലാന്റിന് യൂണിറ്റ് കോസ്റ്റിന്റെ 90% അല്ലെങ്കിൽ 7200/-രൂപ ഇതിലേതാണോ കുറവ് അത് അനുവദിക്കാമെന്നും അധികമായി വരുന്ന തുക ഗുണഭോക്താവ് വഹിയ്ക്കേണ്ടതാണെന്നും പറഞ്ഞിരിക്കുന്നു. തൻവർഷം ഈ പദ്ധതി പ്രകാരം സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷൻ ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്തിരിക്കുന്നത് 10500/-രൂപയ്ക്കാണ്. ആയതിന് പരമാവധി അനുവദനീയമായ സബ്സിഡി തുക 7200/-രൂപ കഴിച്ച് 3300/-രൂപ ഗുണഭോക്താവിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഈ പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ ബയോഗ്യാസ് പ്ലാന്റിന്റെ വിലയുടെ 10% തുകയായ (10500x10%) 1050/-രൂപ മാത്രമാണ് ഈടാക്കിയിരിക്കുന്നത്. 2019-20 വർഷം മുതൽ 114 ബയോഗ്യാസ് പ്ലാന്റിന്റെ വിലയായി 11,97,000/-രൂപ ( 114x10500) സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷന് അനുവദിച്ചിട്ടുണ്ട്. കൂടാതെ, ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതമിനത്തിൽ ഈടാക്കിയ തുകയിൽ (3300-1050=2250/-രൂപ) 2,56,500/-രൂപ കുറവ് വന്നിട്ടുണ്ട്. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 22/തീയതി – 13.03.2023) മറുപടി ലഭ്യമാക്കിയില്ല. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ, 27 എണ്ണം ബയോ ഗ്യാസ് പ്ലാന്റിന്റെ വിലയായ 2,83,500/-രൂപ (27x10500) അഡ്വാൻസ് ഇനത്തിൽ നല്കിയിട്ടുള്ളതിനാൽ, 27 ഗുണഭോക്താക്കളിൽ നിന്നും കുറവായി ഈടാക്കിയ തുക 60750/- രൂപ (27x2250) നിരാകരിച്ചിട്ടുള്ളതാണ്. ആയതിനാൽ, കുറവായി ഈടാക്കിയതിൽ, ബാക്കി തുക 1,95,750/- രൂപ (2,56,500 - 60750) ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-19 പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ - ഡെപ്പോസിറ്റ് പ്രവൃത്തികൾ അനിശ്ചിതമായി നീളുന്നു - നഗരസഭയ്ക്ക് അധിക ബാധ്യത.

സെക്രട്ടറി നിർവഹണം നടത്തിയ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ എന്ന പ്രോജക്ടിനായി(നം. S0100/22) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 1,07,00,000/- രൂപ വകയിരുത്തിയിരുന്നു. നഗരസഭയിലെ 1 മുതൽ 35 വരെയുള്ള വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്. ഡിവിഷൻ ആലപ്പുഴ 99,60,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ബിൽ നം. 382/30.03.2022 പ്രകാരം 99,60,000/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തു.

നഗരസഭയും വാട്ടർ അതോറിറ്റിയുമായി 30.05.2022- ൽ ഏർപ്പെട്ട കരാറിലെ വ്യവസ്ഥ 6 പ്രകാരം എഗ്രിമെന്റ് വച്ച് 6 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. അനിവാര്യമായ കാരണങ്ങളാൽ നിർമ്മാണചെലവ് എസ്റ്റിമേറ്റ് തുകയിലും അധികമാകുകയാണെങ്കിൽ ആയതിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് സ്ഥാപനം തയ്യാറാക്കി നൽകുന്നതാണെന്നും അതനുസരിച്ച് അധികതുക നഗരസഭ സമയബന്ധിതമായി ഒടുക്കുന്നതാണെന്നും കരാറിൽ (വ്യവസ്ഥ 4) വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച്, പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവിലുള്ള അതായത് 6 മാസത്തിനുള്ളിലുള്ള നിർമ്മാണചെലവുകളിൽ ഉണ്ടാകുന്ന വർദ്ധനയ്ക്കാണ് വ്യവസ്ഥ 4 ബാധകമായിട്ടുള്ളത്. നിർമ്മാണം

അനിശ്ചിതമായി നീട്ടിവയ്ക്കുകയും ആ സമയങ്ങളിൽ നിർമ്മാണച്ചെലവിൽ ഉണ്ടാകുന്ന വർദ്ധനയ്ക്കും നഗരസഭ ഉത്തരവാദിയാകുന്നതല്ല. വാട്ടർ അതോറിറ്റി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാതെ എസ്റ്റിമേറ്റ് തുക റിവൈസ് ചെയ്ത് നഗരസഭയിൽ നിന്നും അധികതുക ആവശ്യപ്പെടുന്നത് മൂലം വൻനഷ്ടമാണ് നഗരസഭയ്ക്ക് ഉണ്ടാകുന്നത്.

ചേർത്തല വാട്ടർ അതോറിറ്റി പി.എച്ച് സെക്ഷനിൽനിന്നുള്ള 16.09.2021 - ലെ കത്ത് പ്രകാരം നഗരസഭ മുൻവർഷങ്ങളിലെ പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ 17,16,917/- രൂപ ബാലൻസ് ഉള്ളതായി നഗരസഭ കൗൺസിലിന്റെ 29.11.2021 – ലെ തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട്. നഗരസഭയിൽ 2020-21 വർഷം നടപ്പാക്കിയ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രോജക്ടിനായി (S0071/21) ഡെപ്പോസിറ്റ് ചെയ്ത 19,20,000/- രൂപ 1982000/-രൂപയായി വർദ്ധിച്ചതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ 20.02.2021 ലെ കത്ത് പ്രകാരം അറിയിക്കുകയും നഗരസഭ കൗൺസിലിന്റെ തീരുമാനപ്രകാരം അധികരിച്ച തുക 62000/- രൂപ മുൻവർഷങ്ങളിലെ ഡെപ്പോസിറ്റ് പ്രവൃത്തികളിൽ ബാലൻസ് വന്ന തുകയിൽനിന്നും വകയിരുത്തുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതായും കാണുന്നു. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 03.08.2021 ലെ കത്തിൽ പൈപ്പിന്റെ വില വർദ്ധനവ് മൂലം എസ്റ്റിമേറ്റ് തുക 2315000/- രൂപയായി വർദ്ധിച്ചുവെന്ന് അറിയിക്കുകയും അധിക തുക 333000/- രൂപ മുൻപ്രവൃത്തികളിൽ ബാലൻസ് വന്ന തുകയിൽനിന്നും വകയിരുത്തുന്നതിനും 22.10.2021 ലെ കത്ത് പ്രകാരം എസ്റ്റിമേറ്റ് ഡി.എസ്.ആർ 2018 പ്രകാരം 2732000/- രൂപയായി വീണ്ടും വർദ്ധനവുണ്ടായതായും അറിയിച്ചു. എസ്റ്റിമേറ്റ് തുകയിൽനിന്നും ആകെ അധികരിച്ച 812000/- രൂപ മുൻവർഷങ്ങളിലെ പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ബാലൻസ് ഉള്ള 17,16,917/- രൂപയിൽ നിന്നും വകയിരുത്താവുന്നതാണെന്നും 2014-15 വർഷം പൂർത്തീകരിച്ച ഐ എച്ച്എസ് ഡി പി പദ്ധതിയിലെ ബാലൻസ് തുകയായ 659458/- രൂപയിൽനിന്നും 152542/- രൂപയും 2017 ൽ പൂർത്തീകരിച്ച നഗരസഭയുടെ 10 മുതൽ 35 വരെയുള്ള വാർഡുകളിൽ പൊതുടാപ്പ് സ്ഥാപിക്കുന്ന പദ്ധതിയിൽ ബാലൻസ് വന്ന 428157/- രൂപ മുഴുവനും ടി പദ്ധതിയിലേക്ക് വകയിരുത്താവുന്നതാണെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രസ്തുത കത്തിൽ അറിയിച്ചിട്ടുണ്ട്.

മുൻവർഷങ്ങളിൽ വിവിധ പ്രോജക്ടുകൾക്കായി നഗരസഭ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ എത്ര രൂപ വാട്ടർ അതോറിറ്റിയിൽ ബാലൻസ് ഉണ്ടെന്നുള്ള വിവരം ലഭ്യമാക്കുവാനും ബാലൻസ് നിൽക്കുന്ന തുക യഥാസമയം തിരികെ ലഭ്യമാക്കുന്നതിന് നഗരസഭ നടപടി സ്വീകരിക്കാത്തതിന്റെ കാരണവും ബാലൻസ് തുക കുറവ് ചെയ്തശേഷം ബാക്കി തുക 2021-22 വർഷത്തെ പ്രോജക്ടിന് നൽകേണ്ടതിനുപകരം എസ്റ്റിമേറ്റ് തുക പൂർണ്ണമായി നൽകിയതിന്റെ കാരണവും 2020-21 ലെ പ്രസ്തുത പ്രോജക്ട് നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/12.03.2023) ലഭ്യമാക്കിയ മറുപടിയിൽ 190/20, 71/21 പ്രോജക്ടുകളുടെ എസ്റ്റിമേറ്റിൽ അധികരിച്ച തുക 1743000/- രൂപയാണെന്നും നഗരസഭയ്ക്ക് തിരികെ ലഭിക്കാനുണ്ടായിരുന്ന 1716917/- രൂപയിൽ 756056/- രൂപ നഗരസഭയ്ക്ക് തിരികെ ലഭിച്ചതായും ടി തുകയും 26083/- രൂപയും ചേർത്ത് 782139/- രൂപ വാട്ടർ അതോറിറ്റിക്ക് നൽകിയതായും (ആകെ നൽകിയത്- 1716917+26083 = 17430000) നിലവിൽ വാട്ടർ അതോറിറ്റിയിൽ നഗരസഭയുടെ യാതൊരു പ്രവൃത്തികളുടേയും ബാലൻസ് തുക ഇല്ല എന്നും അറിയിച്ചു. നിലവിൽ 2020-21, 2021-22 വർഷങ്ങളിലെ ഡെപ്പോസിറ്റ് പ്രവൃത്തികളൊന്നും പൂർത്തിയാക്കിയിട്ടില്ല എന്നാണ് മറുപടിയിൽ നിന്നും വ്യക്തമാകുന്നത്. പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പുതിയ പ്രവൃത്തികൾക്കായി കരാറിൽ ഏർപ്പെടുമ്പോൾ പൂർത്തീകരണ കാലാവധിയ്ക്കുള്ളിൽ വരുന്ന നിരക്കുവർദ്ധനയ്ക്ക് മാത്രമേ നഗരസഭയ്ക്ക് ബാധ്യതയുള്ളൂ എന്ന് വ്യവസ്ഥ ചെയ്യേണ്ടതാണ്. വാട്ടർ അതോറിറ്റി മുഖേനയുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ അനിയന്ത്രിതമായി നീളുന്നതുമൂലം നഗരസഭയ്ക്കുണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിന് വിഷയത്തിലേക്ക് നഗരസഭ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 സുഭിക്ഷകേരളം ഇടവിളകൃഷി - ജില്ലാതല യൂണിറ്റ് കോസ്റ്റിലും അധികം ചെലവഴിച്ചു - നഷ്ടം 47280/-

സുഭിക്ഷകേരളം ഇടവിളകൃഷി ഗ്രൂപ്പ്/വ്യക്തികൾക്ക് (നം. 118/22) എന്ന സ്പിൽ ഓവർ പ്രോജക്ടിനായി പൊതുവിഭാഗം വികസനഫണ്ടിൽനിന്നും 22,16,250/- രൂപ (ബിൽ റഫറൻസ് നം. 21060547000600519705, Sanction Order. 94/13.10.2021) ചെലവഴിച്ചിട്ടുണ്ട്. നടീൽവസ്തുക്കൾ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ കഞ്ഞിക്കുഴി ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്ററിൽ നിന്നുമാണ് ഇടവിളകിറ്റ് വാങ്ങിയിട്ടുള്ളത്. സ്ഥാപനം രേഖപ്പെടുത്തിയ നിരക്ക് ചേന - 37/kg, ചേമ്പ് - 74/kg, ഇഞ്ചി - 68.50/kg, മഞ്ഞൾ - 40/kg എന്നിങ്ങനെയാണ്. ഒരു കിറ്റിൽ ചേന - 8kg, ചേമ്പ് - 4kg, ഇഞ്ചി - 1.750kg, മഞ്ഞൾ - 1kg എന്നിവയുള്ളതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനത്തിന്റെ ബില്ലിൽ ഏതൊക്കെ നടീൽവസ്തുക്കൾ എത്ര അളവിൽ ഉണ്ടെന്ന് രേഖപ്പെടുത്തിയിട്ടില്ല. ബിൽ പ്രകാരം 2955 കിറ്റുകൾ 750/- രൂപ നിരക്കിലാണ് ലഭ്യമാക്കിയിട്ടുള്ളത്. ചേമ്പിന് പ്രിൻസിപ്പൽ കൃഷി ഓഫീസർ നിശ്ചയിച്ചിട്ടുള്ള ജില്ലാതല യൂണിറ്റ് കോസ്റ്റ് 70/kg ആണ്. എന്നാൽ 74/kg നിരക്കിലാണ് ചേമ്പ് വാങ്ങിയിട്ടുള്ളത്. 4 രൂപ/kg അധികം ചെലവഴിച്ചിട്ടുണ്ട്. ഒരു കിറ്റിൽ 4 Kg ചേമ്പ് പ്രകാരം 2955 കിറ്റിലുള്ള 11820 Kg ചേമ്പിന് 47280/- രൂപ (11820x4) അധികം ചെലവഴിച്ചതായി കാണുന്നു. ജില്ലാതല യൂണിറ്റ്

കോസ്റ്റിലും അധികം ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക 47280/- രൂപ നഷ്ടത്തിനുത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

മറ്റ് അപാകതകൾ

1) ഗുണഭോക്താക്കളുടെ അപേക്ഷ, കരം അടച്ച രസീതുകൾ മുതലായവ ഹാജരാക്കിയിട്ടില്ല.

2) സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്ഥലത്തിന്റെ വിസ്തൃതിക്ക് അനുസൃതമായി വിത്ത് നൽകേണ്ടതാണ്. എന്നാൽ വിതരണ രേഖകൾ പരിശോധിച്ചതിൽ 3 സെന്റ് സ്ഥലമുള്ളവർക്കും ഇടവിളകിറ്റ് നൽകിയതായി കാണുന്നു (ഉദാ; ശ്രീമതി. രതി മുരളീധരൻ തൈശ്ശേരി, ശ്രീമതി. സരോജിനി. പി, പുതുവൽനികർത്ത്). ഭൂരിഭാഗം ഗുണഭോക്താക്കളുടേയും സ്ഥലം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കിറ്റിൽ ഉൾപ്പെട്ട വസ്തുക്കൾ ഓരോന്നും നടുന്നതിന് എത്ര സെന്റ് സ്ഥലം ആവശ്യമാണെന്നുള്ളതിന്റെ വിശദവിവരം ഹാജരാക്കിയില്ല.

3) 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം സ്ഥാപനത്തിൽനിന്നും 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. എന്നാൽ സ്ഥാപനത്തിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.

4) മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26/16.03.2023) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക 47280/- രൂപ കഴിച്ച് ബാക്കി 2168970 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 ഉയർന്ന നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ അധികച്ചെലവ് 27771/-

| | |
|---|---|
| പ്രോജക്ട് നം. | 213/22 |
| പ്രോജക്ടിന്റെ പേര് | മൂന്നാംകര ജംഗ്ഷന് കിഴക്ക ഭാഗം റേഷൻ കടക്ക് വടക്കോട്ടുള്ള തോട് സ്ലാബിടൽ |
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | രതീഷ് (എസ്റ്റിമേറ്റ് നിരക്ക്) |
| ചെലവ് | ബിൽ നമ്പർ 359/29-03-22 രൂപ 570216/- |

മൂന്നാംകര ജംഗ്ഷന് കിഴക്ക ഭാഗം റേഷൻ കടക്ക് വടക്കോട്ടുള്ള തോട് സ്ലാബിടൽ പ്രവൃത്തിക്ക് 48.71% കോസ്റ്റ് ഇൻഡക്സ് നൽകി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ തയ്യാറാക്കിയ ഒറിജിനൽ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചതായി കാണുന്നില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഇനങ്ങൾക്ക് ഉയർന്ന നിരക്ക് അനുവദിച്ചതായി കാണുന്നു.നിരക്ക് തയ്യാറാക്കിയപ്പോൾ 15% ഓവർഹെഡ് ചാർജ്ജ് അനുവദിച്ചതാണ് ഉയർന്ന നിരക്ക് നൽകാനിടയാക്കിയത്. അധികം നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇനം | സ്പെസിഫിക്കേഷൻ കോഡ് | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ നിരക്ക് | അനുവദിച്ച തുക | അനുവദനീയമായ നിരക്ക്/ സ്പെസിഫിക്കേഷൻ കോഡ് | അധികം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | എർത്ത് വർക്ക് എക്സ്കവേഷൻ | 11.1.1.1 | 578.31/$m^3$ | 17.52 @ 578.31 = 10132 | 17.52 @259.29 = 4543 | 5589 | 3.5.1 (അനുവദനീയമായ സ്പെസിഫിക്കേഷൻ കോഡ്) |
| 2 | DR മേസനറി | Od 748795/ 2020-21 | 4090.12/$m^3$ | 38.56 $M^3$ @ 4090.12 = 157715 | 38.56$m^3$ @3912.29/$m^3$ = 150858 | 6857 | Od755381/ 2020-21 (അനുവദനീയമായ സ്പെസിഫിക്കേഷൻ കോഡ്) |
| 3 | Stone മേസനറി | 11.6.3.2 | 7009.75/$m^3$ | 9.84$m^3$ @7009.75 | 9.84 $M^3$ | 2999 | 11.6.3.2 (10% ഓവർഹെഡ് |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | = 68976 | @6705/$m^3$ = 65977 | | ചാർജ്ജ്) |
| 4 | RCC ഗ്രേഡ് M20 | 11.4.4 | 9302.65 | 16.851 $M^3$ @9302.65 = 156750 | 16.851 $M^3$ @8898.19/$m^3$ = 149943 | 6807 | 11.4.4 (10% ഓവർഹെഡ് ചാർജ്ജ്) |
| 5 | സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റ് | 11.8 | 80546.91 | 1.57614t @80546.9 = 126953 | 1.57614@ 77044.87 = 121434 | 5519 | 11.8 (10% ഓവർഹെഡ് ചാർജ്ജ്) |
| | ആകെ | | | | | 27771 | |

ടി തുക കരാറുകാരനിൽ നിന്നും ഇടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും തുക ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.37/17-03-23) മറുപടി ലഭ്യമാക്കിയില്ല.

## 1-22 സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചു

തോടിന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് 553.17/$m^3$ നിരക്കാണ് (MoRD Spec 11.1.1.1)എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നൽകിയിരിക്കുന്നത്. MoRD സ്പെസിഫിക്കേഷൻ ഉപയോഗിക്കുന്നത് ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനാണ്. സംരക്ഷണ ഭിത്തി നിർമ്മാണത്തിനുമുള്ള എർത്ത് വർക്ക് എസ്കവേഷന് അനുവദനീയമായ നിരക്ക് 259.29/$m^3$ (CPWDസ്പെസിഫിക്കേഷൻ കോഡ്-3.5.1) ആണ്. ഉയർന്ന നിരക്ക് അനുവദിച്ചത് അധികം ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | അനുവദിച്ച തുക | അളവു പുസ്തകം | അനുവദനീയമായ തുക | അധികം നൽകിയ തുക | ചെലവു വിവരം |
|---|---|---|---|---|---|---|---|
| 1 | സെന്റ് മാർട്ടിൻ തോടിന് സംരക്ഷണ ഭിത്തി നിർമ്മാണം | ആലപ്പുഴ ജില്ലാ കേൺട്രാക്ട് സൊസൈറ്റി | 29.70$m^3$ @553.17 = 16429 | 64/21-22 | 29.70$m^3$ @259.29 = 7701 | 8728 | PFMS /30-03-22 രൂപ 328922 |
| 2 | മഠത്തിൽ -മാടവനത്തോട് ഭിത്തി നിർമ്മാണം | രതീഷ്.ഡി | 15.20 $M^3$ @553.17 = 8408 | 52/21-22 | 15.20 @ 259.29 = 3941 | 4467 | ബിൽ നമ്പർ 360/29-03-22 രൂപ 276835/- |
| | | | | | | 13195 | |

സംരക്ഷണ ഭിത്തിയുടെ എർത്ത് വർക്കിന്റെ റേറ്റ് MORDസ്പെസിഫിക്കേഷൻ പ്രകാരം ചെയ്യണമെന്ന നിർദ്ദേശം നിലവിലുള്ളതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതെന്നാണ് ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (24/13-03-23)മറുപടി ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ ഇത് അധികച്ചെലവിനിടയാക്കുന്നു. അതിനാൽ മേൽ സൂചിപ്പിച്ച വിധം അധികം ചെലവഴിച്ച 13195/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-23 പദ്ധതി രൂപീകരണ നിർവഹണ മോണിറ്ററിംഗ് പ്രവർത്തനങ്ങൾ - അപാകതകൾ

പദ്ധതി രൂപീകരണ നിർവഹണ മോണിറ്ററിംഗ് പ്രവർത്തനങ്ങൾക്കായി (നം. S0004/22) വികസനഫണ്ടിൽ നിന്നും 100000/- രൂപ വകയിരുത്തിയിരുന്നു. 93408/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. പ്രോജക്റ്റ് നിർവഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) പ്രോജക്റ്റിൽ ഉൾപ്പെടുത്തി പ്രിന്റിംഗ് ജോലികൾക്കായി L And L Offset, Cherthala എന്ന സ്ഥാപനത്തിന് ആകെ 34150/- രൂപ 2021-22 വർഷം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ജോലികൾക്കായി ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല. ലഭ്യമാക്കേണ്ട സാധനങ്ങളുടേയും സേവനങ്ങളുടേയും കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽതന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണം നടത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

2) (സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) ഉത്തരവിലൂടെ വിൻഡോ മാതൃകയിൽ നൽകുന്ന പരസ്യങ്ങൾ (8cmx3cm)=24cm$^2$ വലിപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭ ദേശാഭിമാനി പത്രത്തിൽ നൽകിയ ടെണ്ടർ പരസ്യം "വിൻഡോ" രൂപത്തിൽ ആണെങ്കിലും നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. ഇതുമൂലം നഗരസഭയ്ക്ക് അധികതുക ചെലവഴിക്കേണ്ടതായിവന്നു.

| ക്രമ നമ്പർ | പരസ്യം നൽകിയ തീയതി | പരസ്യത്തിന്റെ വലിപ്പം (സെ.മീ സ്ക്വയറിൽ) | ഡിസ്കൗണ്ട് കഴിഞ്ഞ് അനുവദിച്ച തുക @153/cm$^2$ +Gst | 3x8cm2 വലിപ്പത്തിൽ വിൻഡോ പരസ്യത്തിന് അനുവദിക്കാവുന്ന തുക @153/cm$^2$ +Gst | അധികം നൽകിയ തുക | ബിൽ നം. |
|---|---|---|---|---|---|---|
| 1 | 22.10.2021 | 4x8 | 4896 | 3672 | 1224 | 164/18.12.2021 |
| 2 | 22.12.2021 | 4x8 | 4896 | 3672 | 1224 | 216/05.02.2022 |
| 3 | 15.12.2021 | 4x8 | 4896 | 3672 | 1224 | 216/05.02.2022 |
| ആകെ | | | | | 3672/- | |

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/16.03.2023) മറുപടി ലഭ്യമാക്കിയില്ല. ഇത്തരത്തിലുള്ള അധികചെലവുകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ഗ്രാനുലാർ സബ് ബേസ് നിർമ്മാണത്തിന് ഉയർന്ന നിരക്ക് അനുവദിച്ചത് അധികച്ചെലവിനിടയാക്കുന്നു.

റോഡ് നിർമ്മാണ പ്രവൃത്തികളിൽ GSB നിർമ്മിക്കുന്നതിന് ഒബ്സർവേഷൻ ഡേറ്റാ പ്രകാരം 1507.01/M$^3$ നിരക്കിലാണ് തുക അനുവദിച്ചിരിക്കുന്നത്. ഒബ്സർവേഷൻ ഡേറ്റാ പ്രകാരം 300 M$^3$ ന്റെ നിരക്ക് കണ്ടെത്തിയാണ് 1 M$^3$ ന്റെ നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. 300 M$^3$ ന്റെ നിരക്ക് കണ്ടെത്തുന്നതിന് ക്വാറിമക്കിന്റെ വിലയായി കാണിച്ചിരിക്കുന്നത് 384 M$^3$ ന്റേതാണ്. [384 @929.71 = 357008.64 (MR)]. 384 M$^3$ ക്വാറിമക്ക് ഉപയോഗിക്കുമ്പോൾ 1 M$^3$ ന്റെ നിരക്ക് കണ്ടെത്തുന്നതിന് ആകെ തുകയെ 384 കൊണ്ട് ഹരിക്കുന്നതിന് പകരം 300 കൊണ്ടാണ് ഡിവൈഡ് ചെയ്തിരിക്കുന്നത്. അതിനാൽ ഉയർന്ന നിരക്ക് നൽകാനിടയായി.വിശദാംശം ചുവടെ കൊടുക്കുന്നു.

Od 746129/2020-21 പ്രകാരം GSBചെയ്യുന്നതിന് അനുവദിച്ച നിരക്കും അനുവദനീയമായ നിരക്കും ചുവടെ കൊടുക്കുന്നു.

| ഇനം | അനുവദിച്ച നിരക്ക് | അനുവദനീയമായ നിരക്ക് |
|---|---|---|
| 384 M$^3$ ക്വാറി മക്ക് ഉപയോഗിച്ച് GSB ചെയ്യുന്നതിന് വരുന്ന ആകെ ചെലവ് | 368319.44 | 368319.44 |
| 1M$^3$ ന് വരുന്ന ചെലവ് | 368319.44/300 = 1227.73 | 368319.44/384 = 959.16 |
| OH 10% | 122.77 | 95.92 |
| CP 10% | 135.05 | 105.51 |
| | 1485.55 | 1160.59 |
| കോസ്റ്റ് ഇൻഡക്സ് 48.71% | 21.45 | 21.45 |
| ആകെ | 1507/m$^3$ | 1182.04/m$^3$ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 13/13-03-23) തദ്ദേശ സ്വയംഭരണ വകുപ്പ്, ചീഫ്എഞ്ചിനിയർ, PWDചീഫ് എഞ്ചിനിയർ, ജലസേചന വകുപ്പ് ചീഫ് എഞ്ചിനിയർ എന്നിവർ അംഗീകരിച്ചിട്ടുള്ളതും PRICEസോഫ്റ്റ്വെയർ പ്രകാരം വരുന്ന നിരക്ക് ആയതിനാലുമാണ് നൽകുന്നതെന്നാണ് മറുപടി നൽകിയിരിക്കുന്നത്. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന തരത്തിലുള്ള അപാകത നിലനിൽക്കുന്നതിനാൽ ഗ്രാനുലാർ സബ് ബേസ് നിർമ്മാണത്തിന് അധിക നിരക്ക് നൽകാനിടയാകുന്നു. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | കരാറുകാരൻ | അളവ് പുസ്തകം | അനുവദിച്ച തുക | അനുവദനീയമായ തുക | അധികം | ചെലവ് വിവരം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ശ്രീജിത്ത് ട്രേഡേഴ്സ് -മംഗലത്ത് ക്ഷേത്രം റോഡ് മെറ്റലിംഗ് ടാറിംഗ് | രതീഷ് | 20/21-22 | 47.925 $M^3$ @1500 =71888 | 47.925 $M^3$ @1182.04 = 56649 | 15239 | PFMS/10-03-22 രൂപ 648574/- |
| 2 | പതക്കലം റോഡ് ബാലൻസ് ഭാഗം റീടാറിംഗ് | രതീഷ് | 19/21-22 | 35.01 $M^3$ @1507.01 = 52896 | 35.01 $M^3$ @1182 .04 = 41383 | 11513 | 261/07-03-22രൂപ 692569/- |
| 3 | മാവേലി ഗ്ലോബൽ റോഡ് ടാറിംഗ് | ലജിമോൻ | 54/20-21 47/20-21 | 64.125 $M^3$ @ 1507.10 = 96643 | 64.125 $M^3$ @1182.04 = 75798 | 20845 | 182/30-12-21രൂപ 224190- |
| 4 | ഇല്ലത്തുവെളി റോഡ് ടൈൽ പാകലും സൈഡ് പ്രൊട്ടക്ഷനം | ശിവൻ | 9/21-22 | 40.381 $M^3$ @1507.01 = 60855 | 40.381 $M^3$ @1182.04 = 47732 | 13123 | PFMS/27-03-22രൂപ 537551/- |
| 5 | പള്ളിക്കനാട്ട് കീറ്റുപറമ്പ് റോഡ് GSBലേയിംഗ് | ശിവ പ്രദീപ് | 24/21-22 | 44.727$M^3$ @ 1507.01 = 66661 | 44.727 $M^3$ @1182.04 = 52869 | 13792 | PFMS/23-03-22രൂപ 174448/- |
| 6 | പൗർണമി-വെള്ളാപ്പള്ളി റോഡ് പുനരുദ്ധാരണം | രതീഷ് | 31/21-22 | 62.40 @1500 = 93600 | 62.40m$^3$ @1182.04 = 73759 | 19841 | 292/19-3-22രൂപ 700000/- |

മേൽ അപാകത പരിഹരിക്കുന്നതിന് സത്വര നടപടികൾക്കായി അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-25 കരാറിൽ ആവശ്യപ്പെട്ടതിനേക്കാൾ കൂടുതൽ GST ഇനത്തിൽ അനുവദിച്ചു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഗവ.ബോയ്സ് ഹൈസ്കൂളിൽ എയറോബിക്ക് ബിൻ കം എം.സി.എഫ്. |
| പ്രോജക്റ്റ് നമ്പർ | S0355/21 |
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനിയർ |
| കരാറുകാരൻ | സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ |
| ചെലവ് വിവരം | ബിൽ നമ്പർ 1296/31-12-20 രൂപ 172933/--<br>ബിൽ നമ്പർ153/09-12-21 രൂപ 187361/-<br>RTGS/23-03-22 രൂപ 503720/- |

ഗവ.ബോയ്സ് ഹൈസ്കൂളിൽ എയറോബിക്ക് ബിൻ കം എം.സി.എഫ്. നിർമ്മിക്കുന്നതിനായി കരാർ വെച്ചിരിക്കുന്നത് സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ ആണ്. സ്ഥാപനം നഗരസഭയുമായി 19-10-20 ൽ വെച്ചിരിക്കുന്ന കരാർ 76/2020-21 വ്യവസ്ഥ 10 അനുസരിച്ച് ചരക്കു സേവന നികുതി2% നഗരസഭയും 3% ഏജൻസിയും വഹിക്കുന്നതാണെന്നാണ് . അതിനാൽ GST ഇനത്തിൽ നഗരസഭ നൽകേണ്ടത് 2% ആണ്. എന്നാൽ അനുവദിച്ചത് 12%. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ മൂല്യം | 771441 |
| GST 12% | 92573 |

| | |
|---|---|
| ആകെ | 864014 |
| കരാർ പ്രകാരം അനുവദിക്കേണ്ട GST 2% | 15429 |
| അധികം | 77144 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/13-03-23) മറുപടി നൽകിയില്ല. അധികം നൽകാനിടയായത് പരിശോധിക്കേണ്ടതാണ്.

## 1-26 സംരക്ഷണഭിത്തി നിർമ്മാണം -സൈറ്റിൽ ലഭ്യമായ മണ്ണ് ഉപയോഗിച്ചിട്ടും തുക അനുവദിച്ചു

| | |
|---|---|
| പ്രവൃത്തി | സെന്റ് മാർട്ടിൻ തോടിന് സംരക്ഷണ ഭിത്തി നിർമ്മാണം |
| പ്രോജക്ട് നമ്പർ | 157/22 |
| കരാർ | ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി |
| അളവു പുസ്തകം | 64/21-22 |
| ചെലവു വിവരം | PFMS/30-03-22 രൂപ 328922/- |
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനിയർ |

സെന്റ് മാർട്ടിൻ തോടിന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തിയിൽ 34.15m$^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഈ മണ്ണ് ബാക്ക് ഫില്ലിംഗിന് ഉപയോഗിച്ചിട്ടുണ്ടെന്ന് അളവു പുസ്തകം പേജ് 2-ൽ മുനിസിപ്പൽ എഞ്ചിനിയർ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇനം 4 ആയി 16.756 M$^3$ അളവ് ബാക്ക് ഫില്ലിംഗ് നടത്തിയതിന് കരാറുകാരന് 1010.47/m$^3$ നിരക്കിൽ 16931/-രൂപ അനുവദിച്ചിട്ടുണ്ട്. സൈറ്റിൽ ലഭ്യമായ 34.15m$^3$ മണ്ണ് ഉപയോഗിച്ചിട്ടുള്ളപ്പോൾ വീണ്ടും ഈയിനത്തിന് തുക അനുവദിച്ചത് അധികച്ചെലവിനിടയാക്കി. സൈറ്റിൽ ലഭ്യമായ 34.15m$^3$ മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചിട്ടും പ്രവൃത്തി ആരംഭിക്കുന്നതിന് മുന്നെ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന നീളത്തിലും വീതിയിലും കനത്തിലുമാണ് ഫില്ലിംഗ് നടത്തിയിരിക്കുന്നത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| എസ്റ്റിമേറ്റ് പ്രകാരം ഫില്ലിംഗ് ചെയ്യേണ്ട അളവ് | ഫില്ലിംഗ് ചെയ്ത അളവ് |
|---|---|
| 1 X56 X 0.60 X(1+0.10)/2 = 18.480 M$^3$ | 1 X 50 X (1+0.10)/2 = 13.75 M$^3$ |
| 1 X 10 X 0.60 X(1+0.09)/2 = 3.0 M$^3$ | 1X 6.7 X (1+0.10)/2 = 1.843 M$^3$ |
| | 1 X 12.10 X (1+0.09)/2 = 3.025m$^3$ |
| | - (10 %) 1.861 |
| | 16.756 M$^3$ |

എർത്തുവർക്ക് ചെയ്യുന്ന സമയത്ത് വെള്ളത്തിൽ നിന്നും ലഭിക്കുന്ന വെള്ളവും ചെളിയും നിറഞ്ഞ മണ്ണ് സംരക്ഷണഭിത്തിയുടെ സൈഡ് ഫില്ലിംഗിന് മതിയാകാത്തതാണെന്നും ഗ്രാവൽ ഫില്ലിംഗും ചെയ്തിട്ടുള്ളതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/13-03-23) മറുപടി നൽകിയിരിക്കുന്നത്. ഫില്ലിംഗിന് 16.756m$^3$ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ കുഴിച്ചെടുത്തത് 34.15m$^3$ ഉം. അതിനാൽ മറുപടി അംഗീകരിക്കുന്നില്ല. മണ്ണിന്റെ വിലയിനത്തിൽ അനുവദിച്ച 16.756 M$^3$ @400 = 6702/- കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-27 പൊതുമുതൽ നശിപ്പിച്ചതിനുള്ള പിഴ ഈടാക്കിയില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | മാവേലി ഗ്ലോബൽ റോഡ് ടാറിംഗ് |
| പ്രോജക്ട് നമ്പർ | S0386/21 |
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനിയർ |
| കരാറുകാരൻ | ലജിമോൻ |
| ചെലവ് വിവരം | ബിൽ നമ്പർ 182/30-12-21 രൂപ 224190/-<br>ബിൽ നമ്പർ 538/30-03-21 രൂപ 497539/- |

ചേർത്തല നഗരസഭ വാർഡ് 14 ൽ ഉള്ള ഗ്ലോബൽ മൗണ്ട് റോഡ് നഗരസഭയുടെ അനുമതിയില്ലാതെ 16-05-21 തീയതിയിൽ ശ്രീ.ഷാജിമോൻ, നന്ദിതം എന്ന വ്യക്തി റോഡിന്റെ സൈഡ് വെട്ടിപ്പൊളിച്ച് കാനപോലെയാക്കുകയും പുതിയ ടാറിംഗ് കുറുകെ വെട്ടിപ്പൊളിച്ച് ചെറിയ കാന നിർമ്മിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ള നഗരസഭാ ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം 21-05-21ൽ കക്ഷിക്ക് നോട്ടീസ് നൽകിയിരുന്നുവെങ്കിലും മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ പിഴയിനത്തിൽ 33909/- രൂപ ചുമത്തിയിട്ടുണ്ട്. ആയതിന് വിശദീകരണം സമർപ്പിച്ചിരുന്നുവെങ്കിലും തൃപ്തികരമല്ലായെന്നും നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയതായും പിഴ ഒടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 16-07-21 ൽ കത്ത് നൽകിയിട്ടും ഒടുക്കാത്ത സാഹചര്യത്തിൽ 11-10-21ൽ RR നടപടിക്കായി അപേക്ഷ സമർപ്പിച്ചിരുന്നു. ടി തുക ഈടാക്കിയതിന്റെ വിവരമില്ല. .ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/13-03-23) RR നടപടി പെൻഡിംഗിലാണെന്നാണ് അറിയിച്ചിട്ടുള്ളത്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-28 ഫൈൻ ഈടാക്കിയില്ല – നഷ്ടം 13740/-

| | |
|---|---|
| പ്രോജക്ട് നം. | 215/22 |
| പ്രോജക്ടിന്റെ പേര് | തോട്ടത്തിൽ കവലക്ക് തെക്കുവശം -പൗർണമി വായനശാല വരെ റോഡ് മെറ്റലിംഗ് ടാറിംഗ് |
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | ശ്രീകുമാർ |
| എഗ്രീഡ് പി.എ.സി | 710699 |
| ചെലവ് | ബിൽ നമ്പർ 250/28-02-22 രൂപ 779393/- |
| എം.ബുക്ക് നം | 17/21-22, 18/21-22 |
| എഗ്രിമെന്റ് നം. | 65/20-21 തീയതി 07-10-20 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | 06-04-21 |
| പൂർത്തീകരിച്ച തീയതി | 18-02-22 (അളവു പുസ്തകം 17/21-22 പേജ് 12) |
| വരുത്തിയ കാലതാമസം | 10 മാസം 12 ദിവസം |
| സഉ(സാധാ) നം 1444/2021 തസ്വഭവ തീയതി 31-07-21 പ്രകാരം പിഴ കൂടാതെ നീട്ടി നൽകാവുന്നത് | 6 മാസം ( 06-10-21 വരെ) |

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പിന്റെ 18.08.2018-ലെ എ.സി-2/223/2015/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം ആദ്യത്തെ 3 മാസം കരാർ തുകയുടെ 1% പിഴ ചുമത്താവുന്നതും പിന്നീട് വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്താവുന്നതും ആണെന്ന് പറഞ്ഞിരിക്കുന്നു. (2012 ലെ പി.ഡബ്ല്യൂ.ഡി മാനുവൽ അനുസരിച്ച് കരാറുകാരന്റെ ഭാഗത്തുള്ള വീഴ്ച മൂലം മരാമത്ത് പ്രവർത്തികൾ യഥാസമയം പൂർത്തീകരിക്കാനാവാതെ വരികയാണെങ്കിൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു.) എന്നാൽ മേൽ പ്രവർത്തി യഥാസമയം പൂർത്തീകരിക്കാതിരുന്നതിന് കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയില്ല . ഈടേക്കേണ്ടിയിരുന്ന ഫൈനിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| എഗ്രീഡ് പി.എ.സി | 710699 |
| പിഴ ഈടാക്കേണ്ട കാലയളവ് | 4 മാസം 12 ദിവസം (07-10-21 മുതൽ 18-02-22 വരെ) |
| ആദ്യത്തെ 3 മാസം (1%) ഫൈൻ | 7107 |
| 1 മാസം 12 ദിവസത്തേക്കുള്ള ഫൈൻ | 710699 X 2/100 X 42/90 = 6633 |
| ആകെ | 13740 |

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. (കരാർ പ്രകാരം 06-04-21 ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി 12-11-21ലും യാതൊരു പ്രവൃത്തിയും കരാറുകാരൻ നടപ്പിലാക്കത്തതിനാൽ വാർഡു കൗൺസിലർ പരാതി നൽകിയിരുന്നു.)

## 1-29 പത്രപരസ്യം ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ താഴെപ്പറയും പ്രകാരം നഗരസഭ നല്കിയിട്ടുള്ള പത്രപരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളുടെ വൗച്ചറുകൾ

പരിശോധിച്ചതിൽ ഡിസ്കൗണ്ട് ഒന്നും തന്നെ അനുവദിക്കപ്പെട്ടതായി കാണുന്നില്ല.

| പത്രത്തിന്റെ പേര് | സ്ഥാപനത്തിൽ നിന്നുള്ള ബിൽനം./തീയതി | ബിൽ തുക | അർഹമായ ഡിസ്കൗണ്ട് (15%) | ചെക്ക് നം./ തീയതി |
|---|---|---|---|---|
| മാതൃഭൂമി | 32100028906/18.8.20 | 13104 | 1966 | 272732/22.09.21 |
| " | 321000076220/02.12.21 | 11550 | 1733 | 566212/22.3.22 |
| കേരള കൗമുദി | BLALP00069319/18.8.20 | 4813 | 722 | 272734/22.09.21 |
| " | BLALP00068759/10.6.20 | 4779 | 717 | 272734/22.09.21 |
| ജനയുഗം | 2021020014/01.02.21 | 2016 | 302 | 161428/31.05.21 |
| " | 2021120144/07.12.21 | 2520 | 378 | 566214/22.3.22 |
| | ആകെ | | 5818 | |

ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.27/16.3.23) നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല. പത്രപരസ്യങ്ങൾക്ക് അർഹമായ ഡിസ്കൗണ്ട് ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 വിൻഡോ മാതൃകയിലുള്ള പത്രപരസ്യങ്ങൾ നിർദ്ദിഷ്ട വലിപ്പത്തിൽ കൂടുതൽ നൽകിയത് അധിക ചെലവിനിടയാക്കുന്നു.

(സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) ഉത്തരവിലൂടെ വിൻഡോ മാതൃകയിൽ നൽകുന്ന പരസ്യങ്ങൾ (8cmx3cm)=24cm$^2$ വലിപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭ താഴെപ്പറയുന്ന ദിനപത്രങ്ങളിൽ നൽകിയ പരസ്യം "വിൻഡോ" രൂപത്തിൽ ആണെങ്കിലും നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ദിനപത്രം | പരസ്യം നൽകിയ തീയതി | പരസ്യത്തിന്റെ വലിപ്പം (സെ.മീ സ്ക്വയറിൽ) | അനുവദിച്ച തുക | 3x8cm$^2$ വലിപ്പത്തിൽ വിൻഡോ പരസ്യത്തിന് അനുവദിക്കാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| മാതൃഭൂമി | 18-8-20 | 8x6 | 13104 @260/cm$^2$ +Gst | 6552@260/cm$^2$ +Gst | 6552 |
| " | 02.12.21 | 8x5 | 11550 @275/cm$^2$ +Gst | 6930@270/cm$^2$ +Gst | 4620 |
| ദേശാഭിമാനി | 19-8-20 | 8x4 | 5141 (After Discount) @180/cm$^2$ +Gst | 4536@180/cm$^2$ +Gst | 605 |
| " | 2-12-21 | 8x4 | 5141 (After Discount) @180/cm$^2$ +Gst | 4536@180/cm$^2$ +Gst | 605 |
| " | 01.02.21 | 22.5x8 | 28917 (After Discount) @180/cm$^2$ +Gst | 4536@180/cm$^2$ +Gst | 24381 |
| ജനയുഗം | 4-11-21 | 8x5 | 2520 @60/cm$^2$ +Gst | 1512@60/cm$^2$ +Gst | 1008 |
| " | 31.01.21 | 8x4 | 2016@60/cm$^2$ +Gst | 1512@60/cm$^2$ +Gst | 504 |

പത്ര പരസ്യം നൽകിയപ്പോൾ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ അധികച്ചെലവിനിടയായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 മഴക്കാലപൂർവ്വ ശുചീകരണം -രേഖകൾ ലഭ്യമാക്കിയില്ല

നഗരസഭയുടെ തനത്ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 27.5.2021 ലെ 5ാം നമ്പർ തീരുമാനപ്രകാരവും നഗരസഭാ ചെയർപേഴ്സന്റെ 27.5.21 ലെ മുൻകൂർ അനുമതി പ്രകാരവും മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ വാർഡ് തലത്തിൽ നടത്തുന്നതിനായി വാർഡൊന്നിന് 10000/- രൂപ നിരക്കിൽ 35 വാർഡുകൾക്കായി 350000 രൂപ (ചെക്ക് നം.161423/31.05.2021) വാർഡ് തല സാനിട്ടേഷൻ കമ്മിറ്റിയുടെ അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം -21/13.3.23) നൽകിയെങ്കിലും വാർഡ് നം. 1,2,11,12,31,32,33 വാർഡുകളൊഴികെ മറ്റ് വാർഡുകളിലെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഓഡിറ്റന്വേഷണത്തെ തുടർന്ന് വാർഡ് നം. 18,19,20,21,22 എന്നീ വാർഡുകളിൽ നിന്നും 2022- 23 വർഷത്തെ വൗച്ചറുകൾ ആണ് ഹാജരാക്കിയത്. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്ത മറ്റ് വാർഡുകൾക്കായി ചെലവഴിച്ച 280000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 ടേക്ക് എ ബ്രേക്ക് സ്ഥാപിക്കൽ - മുൻകൂർ കൈപ്പറ്റി ഒരുവർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ടേക്ക് എ ബ്രേക്ക് സ്ഥാപിക്കൽ (പ്രോജക്ട് നം. S0437/21) എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി നഗരസഭ വക ഗാന്ധിബസാർ ഷോപ്പിംഗ് കോംപ്ലക്സിന് എതിർവശത്ത് എ എസ് കനാലിനും പി ഡബ്ല്യു ഡി റോഡിനും ഇടയിലുള്ള നഗരസഭാ പുറമ്പോക്ക് സ്ഥലത്ത് ടേക്ക് എ ബ്രേക്ക് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ എല്പിച്ചു. പ്രോജക്ടിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് 803998/- രൂപയും സംസ്ഥാനാവിഷ്കൃതഫണ്ട് 196002/- രൂപയും ഉൾപ്പെടെ ആകെ 1000000/- രൂപയാണ് വകയിരുത്തിയത്. നഗരസഭ സെക്രട്ടറി 26.02.2021 ൽ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പുമായി കരാറിൽ ഏർപ്പെട്ടു. കരാർ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 9 മാസമാണ്. എന്നാൽ ഇതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

മറ്റ് അപാകതകൾ

1) കരാർ നിബന്ധന 7 പ്രകാരം എസ്റ്റിമേറ്റിന്റെ 20% തുക കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് മുൻകൂറായി നൽകേണ്ടതാണ്. ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് പ്രകാരം തുക 913787/- ആണ്. ആയതിന്റെ 20% (182757/-) നൽകേണ്ടതിന് പകരം 200000/- രൂപ മുൻകൂർ നൽകി.

2) മുൻകൂർ നൽകിയത് 15.12.2021 ൽ ആണ് (ബിൽ നം.160/15.12.2021). കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിയായ 9 മാസത്തിനുശേഷമാണ് മുൻകൂർ നൽകിയത്. എന്നാൽ കരാർ പുതുക്കിയതായി കാണുന്നില്ല.

3) സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റ് ഫയലിൽ ഇല്ല.

മേൽവിഷയത്തിൽ വിശദീകരണം/രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/08.03.2021) സ്ഥാപനത്തിന് കരാർ പുതുക്കുന്നതിന് നിർദ്ദേശം നൽകിയതായും സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് സ്ഥാപനത്തിനെ അറിയിച്ചിട്ടുള്ളതായും പ്രവൃത്തി നിലവിൽ ലിന്റൽ ലെവൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് 200000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 വെള്ളക്കര കുടിശ്ശിക

ചേർത്തല നഗരസഭയുടെ കീഴിലുള്ള പൊതുടാപ്പുകളുടെ വെള്ളക്കരം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ (ഫയൽ നം.PW1-132/85), വെള്ളക്കര കുടിശ്ശിക സംബന്ധിച്ച് 2009 ജൂൺ മുതൽ 2021 ജൂൺ വരെയുള്ള സ്റ്റേറ്റ്മെന്റ് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട് (നം.PHA/A4/4547/18,Dt.17.6.21). ആയത് പ്രകാരം പൊതുടാപ്പുകളുടെ എണ്ണത്തിൽ കാലാകാലങ്ങളിൽ വ്യത്യാസം ഉള്ളതായി കാണുന്നു. പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി 30.9.2017 ൽ നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയറും കേരള വാട്ടർ അതോറിറ്റി അസി.എഞ്ചിനീയറും സംയുക്തമായി പരിശോധന നടത്തിയതിൽ 522 പൊതുടാപ്പുകൾ ഉള്ളതായാണ് കണ്ടെത്തിയിട്ടുള്ളത്. എന്നാൽ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 2017 നവംബർ മുതൽ 2018 മെയ് വരെ 522 ടാപ്പുകൾക്കും, ജൂൺ മുതൽ 2018 ഒക്ടോബർ വരെ 594 ടാപ്പുകൾക്കും തുടർന്നിങ്ങോട്ട് 2018 നവംബർ മാസം മുതൽ 667 പൊതുടാപ്പുകൾക്കുമാണ് വെള്ളക്കരം ഈടാക്കുന്നതായി കാണുന്നത്. സംയുക്ത പരിശോധനയ്ക്കുശേഷം ലൈൻ ദീർഘിപ്പിക്കൽ നടന്നെങ്കിലും ആയത് പൂർത്തീകരിച്ചിട്ടില്ലെന്നാണ് അറിയിച്ചത്. 2022 മാർച്ച് വരെയുള്ള വെള്ളക്കര കുടിശ്ശിക 13 കോടി രൂപയിലധികമാണ് (138424625/-രൂപ). ഇതിൽ 483130/- രൂപ പ്രതിമാസ ഡിമാന്റും ബാക്കി തുക ഫൈനും നാളിതുവരെയുള്ള കുടിശ്ശികയുമാണ്. 2021-22 വർഷത്തിൽ നഗരസഭ വെള്ളക്കരമിനത്തിൽ തുകയൊന്നും അടവാക്കിയിട്ടില്ല. തുക കൃത്യമായി അടയ്ക്കാതിരിക്കുന്നതിനാൽ ഓരോ മാസവും 2% വീതം പലിശ വർദ്ധിക്കുകയും നഗരസഭയുടെ ബാദ്ധ്യത വർദ്ധിക്കുകയും ചെയ്യുന്നു. 17.9.22 ലെ നഗരസഭാ സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം കുടുംബശ്രീ പ്രവർത്തകർ പരിശോധന നടത്തി ലഭ്യമാക്കിയ പൊതുടാപ്പുകളുടെ

എണ്ണം 450 ആണ്. പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ ഒഴിവാക്കി പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സംയുക്തപരിശോധന നടത്തുന്നതിനായി വാട്ടർ അതോറിറ്റിക്ക് നിരവധി തവണ കത്തും ഓർമ്മക്കുറിപ്പുകളും നൽകിയെങ്കിലും നാളിതുവരെ സംയുക്ത പരിശോധന നടന്നിട്ടില്ല. 28.10.2022 തീയതിലെ നഗരസഭാ കൗൺസിലിന്റെ 8ാം നമ്പർ തീരുമാനപ്രകാരം മുൻകാല വെള്ളക്കരക്കുടിശ്ശികയിൽ ഇപ്പോഴും ഉൾപ്പെടുത്തി വരുന്ന പലിശ ഒഴിവാക്കി നൽകണമെന്നാവശ്യപ്പെട്ട് സർക്കാരിലേയ്ക്ക് കത്ത് നൽകുകയും, സർക്കാർ തീരുമാനം ലഭ്യമാകുന്നതുവരെ അതാതുമാസത്തെ വെള്ളക്കരം അടവാക്കുന്നതിനും തീരുമാനിച്ചു. ആയതുപ്രകാരം നിലവിൽ 667 ടാപ്പുകളുടെ വെള്ളക്കരം (483130/-) പ്രതിമാസം അടവാക്കി വരുന്നു. പലിശ ഇളവ് സംബന്ധിച്ച സർക്കാർ തീരുമാനം ലഭ്യമായിട്ടില്ല.

പ്രവർത്തന ക്ഷമമമായ ടാപ്പുകളുടെ മാത്രം വെള്ളക്കരം അടവാക്കുന്നതിനും കുടിശ്ശിക നിവാരണത്തിനുമുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-34 റവന്യൂ വിഭാഗം ഡാറ്റ എൻട്രി പൂർത്തീകരണം - അപാകതകൾ

പ്രോജക്ടിന്റെ പേര് : റവന്യൂ വിഭാഗം ഡാറ്റ എൻട്രി പൂർത്തീകരണം (പ്രോജക്ട് നം. 6/2022)

അടങ്കൽ : 205991 (വികസനഫണ്ട് ജനറൽ)

ചെലവ് :

ബിൽ നം. 28/22.07.2021 – 52682/-

ബിൽ നം. 46/16.08.2021 – 26180/-

ബിൽ നം. 70/30.09.2021 – 49416/-

ബിൽ നം. 103/27.10.2021 – 39976/-

ബിൽ നം. 174/22.12.2021 – 37737/-

നഗരസഭയിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഡാറ്റാ എൻട്രി നടത്തുന്നതിനായി 2021-22 വർഷം 3 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ (2019 ഓഗസ്റ്റ് മാസം മുതൽ തുടർന്നുവരുന്ന) സേവനം അനുഷ്ഠിക്കുന്നുണ്ട്. ഇവർക്ക് പ്രതിമാസം 10000 രൂപ വേതനം നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ ഡാറ്റാ എൻട്രി നടത്തുന്നതിനായി ലാപ്ടോപ്പുകളും വാടകയ്ക്ക് എടുക്കുന്നുണ്ട്. ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞനിരക്ക് പ്രതിമാസം 1750 രൂപ രേഖപ്പെടുത്തിയ Techlogic, Cherthala എന്ന സ്ഥാപനത്തിൽനിന്നുമാണ് ലാപ്ടോപ്പ് വാടകയ്ക്കെടുത്തിട്ടുള്ളത്. പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) 08.03.2021 മുതലാണ് ലാപ്ടോപ്പുകൾ 3 എണ്ണം വാടകയ്ക്ക് എടുത്തിട്ടുള്ളത്. സെക്രട്ടറി നൽകിയ വർക്ക് ഓർഡറിൽ എത്ര ലാപ്ടോപ്പുകൾ ലഭ്യമാക്കണമെന്ന് പറഞ്ഞിട്ടില്ല. 30.04.2021 മുതൽ 4 ലാപ്ടോപ്പുകൾ കൂടി ആകെ 7 ലാപ്ടോപ്പുകൾ വാടകയ്ക്ക് എടുത്തതായി കാണുന്നു. എന്നാൽ ഇപ്രകാരം 7 ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിന് സ്ഥാപനത്തോട് ആവശ്യപ്പെട്ടിട്ടുള്ളതായോ, തീരുമാനമെടുത്തിട്ടുള്ളതായോ ഇത് സംബന്ധിച്ച് ഓഫീസ് കുറിപ്പ് എഴുതിയിട്ടുള്ളതായോ കാണുന്നില്ല. മറ്റ് ജീവനക്കാരെ ഈ ജോലിക്കായി നിയോഗിച്ചത് സംബന്ധിച്ച് ഉത്തരവുകളോ അതു സംബന്ധിച്ച റിപ്പോർട്ടുകളോ ഫയലിൽ ഇല്ല. 3 താല്ക്കാലിക ജീവനക്കാർ ഡാറ്റാ എൻട്രി നടത്തുന്നതിനായി ഇപ്രകാരം അധികം എണ്ണം ലാപ്ടോപ്പുകൾ വാടകയ്ക്ക് എടുത്തതിന്റെ കാരണം വ്യക്തമല്ല. ലാപ്ടോപ്പുകൾ വാടകയ്ക്കെടുത്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. /തീയതി | തുക |
|---|---|---|
| 1 | 10/22.04.2021 | 5250 |
| 2 | ലഭ്യമായില്ല (08.04.2021-08.05.2021) | 5250 |
| 3 | 14/15.06.2021 | 12250 |
| 4 | 16/08.07.2021 | 12250 |
| 5 | 17/31.08.2021 | 10500 |
| 6 | 18/08.09.2021 | 12250 |
| 7 | 19/13.10.2021 | 12250 |
| 8 | 20/15.12.2021 | 26250 |
| 9 | 21/11.01.2022 | 14000 |
| 10 | 22/30.03.2022 | 35000 |

| | | |
|---|---|---|
| | ആകെ | 145250 |

2) വാടകയ്ക്കെടുത്ത ലാപ്ടോപ്പുകൾ ഏതൊക്കെ ജീവനക്കാർ ഉപയോഗിച്ചു എന്നതിന്റെ രേഖകൾ ഹാജരാക്കിയില്ല.

3) ഡാറ്റ എൻട്രി നടത്തിയ താല്ക്കാലിക ജീവനക്കാരെ 2021 ഒക്ടോബർ 1 മുതൽ ഡി ആന്റ് ഒ ലൈസൻസുമായി ബന്ധപ്പെട്ട ജോലികൾക്ക് നിയോഗിച്ചതായി ഓഫീസ് കുറിപ്പിൽ കാണുന്നു. ഇതു സംബന്ധിച്ച ഉത്തരവുകൾ ഹാജരാക്കിയില്ല. ഈ കാലയളവിലും 7 ലാപ്ടോപ്പുകൾ വാടകയ്ക്ക് എടുത്തതായി കാണുന്നു.

മുൻവർഷങ്ങളിൽ ലാപ്ടോപ്പ് വാടകയിനത്തിൽ തുക ചെലവഴിച്ചതിന്റെ വിശദാംശം, നഗരസഭയിൽ എത്ര സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെന്നും എത്ര സ്ഥാപനങ്ങളുടെ ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ, 3 താല്ക്കാലിക ജീവനക്കാർ ഡാറ്റാ എൻട്രി നടത്തുന്നതിനായി ഇപ്രകാരം അധികം എണ്ണം ലാപ്ടോപ്പുകൾ വാടകയ്ക്ക് എടുത്തതിന്റെ കാരണം, നഗരസഭയിൽ എത്ര ഡെസ്ക്ടോപ്പ്/ലാപ്ടോപ്പ് ഉണ്ടെന്നുള്ളതിന്റെ വിശദാംശം എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/16.03.2023) മറുപടി ലഭ്യമാക്കിയില്ല. ആവർത്തന ചെലവുകൾ ഒഴിവാക്കി ആസ്തി സൃഷ്ടിക്കുന്നതിനുള്ള നടപടികളായിരുന്നു നഗരസഭ കൈക്കൊള്ളേണ്ടിയിരുന്നത്. ആവശ്യകതയ്ക്ക് അനുസൃതമായല്ലാതെ അധികം ലാപ്ടോപ്പുകൾ വ്യക്തമായ ഉത്തരവുകളോ തീരുമാനങ്ങളോ ഇല്ലാതെ വാടകയ്ക്കെടുത്തതും ക്രമപ്രകാരമല്ല. മേൽക്കാരണങ്ങളാൽ ലാപ്ടോപ്പുകൾ വാടകയ്ക്ക് എടുക്കുന്നതിനായി ആകെ നൽകിയ 145250/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നില്ല

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്)ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം രൂപീകൃതമായ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് നഗരസഭയിലെ ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെ 15% വീതം പ്രതിമാസം ഒടുക്കു വരുത്തേണ്ടതാണ്. മേൽ ചട്ടത്തിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യം നല്കുന്നതിനു വേണ്ടി സെക്രട്ടറി, ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നുള്ള തുക ഈ അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടതും ഇത് പെൻഷൻ വിതരണത്തിനല്ലാതെ മറ്റൊരു ആവശ്യത്തിനും ഉപയോഗിക്കുവാൻ പാടില്ലാത്തതുമാണ്.

തുക അടവാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിനുള്ള (നം.33/16.03.23) മറുപടിയിൽ, സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് വിഹിതം അടച്ചാലും സർക്കാരിൽ നിന്നും പെൻഷൻ വിഹിതം തിരികെ കിട്ടുന്നതിൽ മുടക്കം വരുന്നത് മുൻകാലങ്ങളിൽ പതിവായിരുന്നതിനാലാണ് തുക ഒടുക്കുന്നത് അവസാനിപ്പിച്ചതെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ നഗരസഭയിൽ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്ക് വരുത്തുന്നതിന് പ്രത്യേക സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നുള്ള തുക വരവ് വയ്ക്കുന്നതിനായി ആക്സിസ് ബാങ്കിൽ അക്കൗണ്ട് ഉള്ളതായും പെൻഷൻ അലോട്ട്മെന്റ് ഇനത്തിലുള്ള തുക ഈ അക്കൗണ്ടിലാണ് അനുവദിച്ച് വരുന്നതെന്നും അറിയിച്ചു.

തുക കൃത്യമായി അടയ്ക്കാത്തതിനാൽ നിലവിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ നഗരകാര്യ ഡയറക്ടറേറ്റിൽ ഒടുക്കുവാനുള്ള തുക തട്ടിക്കിഴിച്ച് ബാക്കിയുള്ള തുകയാണ് പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ ലഭിയ്ക്കുന്നതെന്നും അറിയിച്ചു. നിലവിൽ തനതുഫണ്ടിൽ നിന്നാണ് റഗുലർ/കണ്ടിജന്റ് ജീവനക്കാർക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾ അനുവദിയ്ക്കുന്നത്. ഇത് തനതു ഫണ്ടിന് അധിക ബാധ്യതയുണ്ടാക്കുന്നു. പെൻഷൻ വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 മെഡിക്കൽ ഓഫീസർ(ഹോമിയോ) നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1. തുക മുൻകൂറായി നൽകിയെങ്കിലും കമ്പ്യൂട്ടറും പ്രിന്ററും ലഭ്യമായില്ല

പ്രോജക്ടിന്റെ പേര് -കമ്പ്യൂട്ടർ, പ്രിന്റർ, യു.പി.എസ്. എന്നിവ വാങ്ങൽ(S0177/22)

അടങ്കൽ :149000/-( Non Road)

ചെലവ് : 147772/-

BRN. 1301163966/17.2.22, 50022/-

BRN. 1301433109/23.2.22, 97750/-

ടി പദ്ധതി പ്രകാരം ചേർത്തല ഗവൺമെന്റ് ഹോമിയോ ആശുപത്രിയിലേക്കാവശ്യമായ കമ്പ്യൂട്ടറും പ്രിന്ററും വാങ്ങുന്നതിനായി, കെൽട്രോൺ സമർപ്പിച്ച പ്രോഫോർമ ഇൻവോയ്സ് പ്രകാരം 30,004/- രൂപ വിലയുള്ള മിഡ് ലെവൽ സ്പെസിഫിക്കേഷനോടു കൂടിയ Intel Processor Ubuntu Desktopഉം 20,018/- രൂപ വിലയുള്ള പ്രിന്ററിനുമായി

50022/- രൂപ ഐ.ടി മിഷന് നൽകിയെങ്കിലും നാളിതുവരെ കമ്പ്യൂട്ടറും പ്രിന്ററും ലഭിച്ചിട്ടില്ല. വിലയിൽ വന്ന വ്യത്യാസം മൂലം യഥാസമയം വർക്ക് ഓർഡർ നൽകാൻ സാധിച്ചില്ലെന്നും തുക തിരികെ നൽകണമെന്നും ആവശ്യപ്പെട്ട് 01.12.22 ൽ മെഡിക്കൽ ഓഫീസർ കെൽട്രോണിന് കത്ത് നൽകിയതായി ഫയലിൽ കാണുന്നുണ്ടെങ്കിലും മറ്റ് തുടർനടപടികളൊന്നും ഫയലിൽ കാണുന്നില്ല. തുക തിരികെ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിനുള്ള (ഓഡിറ്റ് എൻക്വയറി നം 8/09.3.23) മറുപടിയിൽ 04.2.2023 ൽ തുക തിരികെ നഗരസഭ അക്കൗണ്ടിൽ ലഭിച്ചതായി അറിയിച്ചു. ഇപ്രകാരം ലഭിച്ച തുക തിരികെ സർക്കാരിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്. യഥാസമയം തുടർനടപടികൾ സ്വീകരിക്കാത്തതുമൂലം ഏകദേശം ഒരു വർഷത്തോളം തുക കെൽട്രോണിന്റെ കൈവശം ആയി. തുക മുൻകൂറായി നൽകുന്ന പർച്ചേസുകളിൽ യഥാസമയം തുടർനടപടികൾ സ്വീകരിച്ച് ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ്.

2.സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല.

പ്രോജക്ടിന്റെ പേര് -ഹോമിയോ ആശുപത്രിയിലേക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽ (S0176/22)

അടങ്കൽ :24000/-(Non Road)

ചെലവ് : 23900/-

BRN. 1301433004/23.3.22, 97750/-

ടി പദ്ധതിയിൽ ഹോമിയോ ആശുപത്രിയിലേക്കാവശ്യമായ വാട്ടർ ഡിസ്പെൻസർ സപ്ലൈ ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച പ്രകാരം Deepam Enterprizes, Palarivattam എന്ന സ്ഥാപനത്തിൽ നിന്നും വാട്ടർ ഡിസ്പെൻസറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതായി കാണുന്നുണ്ടെങ്കിലും ആയത് സ്റ്റോക്കിൽ ചേർത്തിട്ടില്ല.

കൂടാതെ മേൽ പ്രോജക്ട് (പ്രോജക്ട് നം. S0177/22) പ്രകാരം GeM പോർട്ടൽ മുഖേന 97750/- രൂപ വിലവരുന്ന (BRN. 1301433109/23.2.22, 97750/-) Hykon 5 KV UPS ,Battery എന്നിവ പർച്ചേസ് ചെയ്തതായി കാണുന്നുണ്ടെങ്കിലും ആയതും സ്റ്റോക്കിൽ ചേർത്തിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് ആവശ്യമായ രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 8/09.03.2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. വാങ്ങുന്ന ഉപകരണങ്ങൾ യഥാസമയം തന്നെ സ്റ്റോക്കിൽ ചേർത്ത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 1-37 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല

പ്രോജക്ട് നം 244/22

അടങ്കൽ - 150000/- (എസ് സി പി ഫണ്ട്)

ചെലവ് - 50000 - (21060547000801143257/17.02.22)

പ്രോജക്ട് ഓഫീസർ നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ നടപ്പാക്കിയ പഠനമുറി നിർമ്മാണം എന്ന പദ്ധതിയുടെ ഭാഗമായി മേൽ ബില്ലുകൾ പ്രകാരം ബിന്ദു ജി എന്ന ഗുണഭോക്താവിന് 50000/- രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താവ് പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല, ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/9.03.23) ലഭ്യമാക്കിയ മറുപടിയിൽ മാർച്ച് 31 ന് മുൻപായി പണി പൂർത്തീകരിക്കുമെന്നാണ് അറിയിച്ചത്. ടി ഗുണഭോക്താവിന്റെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-38 ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചില്ല

പ്രൊജക്ട് നം 255/22

ഭവനപുനരുദ്ധാരണം ജനറൽ

അടങ്കൽ - 2020000/- (വികസനഫണ്ട്)
ബിൽ നം – 840000/- (21060547000800406212 13.09.21)

ഭവനപുനരുദ്ധാരണം (ജനറൽ) പദ്ധതിക്കായി 1340000/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. 67 ഗുണഭോക്താക്കൾക്ക് 20000/- രൂപ വീതം നൽകുകയുണ്ടായി.
പ്രസ്തുത പദ്ധതിയിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല
1. മിനിപ്രസാദ് കാവാലം വെളി
2. ഗീത മറ്റത്തിൽ
3. സി.കെ രമണി ഇടപ്പറമ്പിൽ

4. സുബൈദ കല്ലറയ്ക്കൽ

ഈ വിവരം ഉന്നയിച്ച് നൽകിയ എൻക്വയറിക്ക് (6/9.03.23)ലഭ്യമാക്കിയ മറുപടിയിൽ ടി ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം ഉടൻതന്നെ പൂർത്തീകരിക്കുമെന്നാണ് അറിയിച്ചത്. പ്രസ്തുത ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 80000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-39 പി.എം.എ.വൈ ലൈഫ് ഭവന നിർമ്മാണം -ആരംഭിച്ചില്ല

പ്രോജക്റ്റിന്റെ പേര് : പി.എം.എ.വൈ ലൈഫ് ഭവന നിർമ്മാണം നഗരസഭ വിഹിതം

പ്രോജക്റ്റ് നം. :19/2022

അടങ്കൽ : വികസനഫണ്ട് - 6618885/- രൂപ

ചെലവ് : 6280000/- രൂപ

നിർവഹണം : സെക്രട്ടറി

വിവിധ സാമ്പത്തിക വർഷങ്ങളിലായി ആനുകൂല്യം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയായും ഭവന നിർമ്മാണം ആദ്യഘട്ടമായ അടിത്തറ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | തുക | ചെക്ക്/ബിൽ നം. |
|---|---|---|
| ശ്യാമിലി മഠത്തിങ്കൽ | 40000/- | 210605470000800784900/15.12.21 |
| ഷിജി കുന്നത്ത് വെളി | 40000/- | 210605470008010719801/7.02.22 |
| ചന്ദ്രലേഖ ചാമരംചാലിൽച്ചിറ | 40000/- | 210605470008010719801/7.02.22 |
| ഷേർലി പട്ടാശ്ശേരിൽ | 40000/- | 210605470008010719801/7.02.22 |
| സെലീന ഇല്ലത്തുച്ചിറ | 40000/- | ചെക്ക് നം. 966636/10.02.22 |
| സ്മിതാമോൾ കെ എസ് വേലിക്കകത്ത് | 40000/- | ചെക്ക് നം. 966642/7.03.22 |
| തിലകൻ ജെഫിൻ നിവാസ് | 40000/- | 21060547000801143318/17.02.22 |
| ഷൈസി സന്തോഷ് കാട്ടുങ്കണത്തവേലിൽ | 40000/- | 21060547000801268612/8.03.22 |
| കാളിന്ദി മധുരവേലിവെളി | 40000/- | 21060547000801354621/17.03.22 |
| ബാബു നികർത്തിൽ | 40000/- | 21060547000801354621/17.03.22 |
| ഷീബ പത്തുതെങ്ങിൽച്ചിറ | 40000/- | 966649/21.03.22 |
| യമുന തറയിൽ | 40000/- | 21060547000800870367/231.12.21 |
| ആകെ | 480000/- | |

പ്രസ്തുത ഗുണഭോക്താക്കളെക്കൊണ്ട് ഭവനനിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവനനിർമ്മാണം പൂർത്തിയാക്കാത്തപക്ഷം കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. തുക 480000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-40 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

നഗരസഭ സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകളിൽ, തുക കൈപ്പറ്റിയ സ്ഥാപനങ്ങൾ വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടില്ല.

1) ഐ.കെ.എം വിഹിതം നൽകൽ (പ്രോജക്റ്റ് നം. S0002/22)

പ്രവർത്തനഫണ്ടിനത്തിൽ 2015-16 മുതൽ കുടിശ്ശിക ഇനത്തിൽ നൽകാനുള്ള തുക 23120 രൂപയും 2021-22 വർഷത്തെ ഡിമാന്റ് 230068 രൂപയും ഉൾപ്പെടെ ആകെ 253188 രൂപ ഡിമാന്റ് ചെയ്ത് ഐ.കെ.എം ൽ നിന്നും 20.04.2021 ൽ കത്ത് (നം. ഐ.കെ.എം/എ7/955/2021) ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 253188/- ബിൽ നം. 75/30.09.2021 പ്രകാരം പിൻവലിച്ച് ഐ.കെ.എം ന് നൽകി. തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/12.03.2023) നൽകിയ മറുപടിയോടൊപ്പം ഹാജരാക്കിയത് തുകയുടെ കൈപ്പറ്റ് രസീതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 253188 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

2) വയോമിത്രം - സാമൂഹ്യ സുരക്ഷാമിഷൻ പ്രവർത്തനങ്ങൾക്ക് സംഭാവന (S0001/22)

സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യ പരിരക്ഷയും മാനസിക ഉല്ലാസവും അവരുടെ സ്ഥലങ്ങളിൽതന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോടുകൂടി നടപ്പാക്കുന്ന പദ്ധതിക്കായി പൊതുവിഭാഗം വികസനഫണ്ടിൽനിന്നും 3000000 രൂപ വകയിരുത്തിയിരുന്നു. പദ്ധതിക്കുള്ള നഗരസഭാവിഹിതം

1000000 രൂപ ബിൽ നം. 71/30.09.2021 പ്രകാരം സാമൂഹ്യസുരക്ഷാ മിഷന്റെ അക്കൗണ്ടിലേക്ക് നൽകി. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/12.03.2023) ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 1000000 രൂപ യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-41 നഗരസഭാ ഓഫീസിലേക്ക് ലാപ് ടോപ്പ് – CPRCS മുഖേന വാങ്ങൽ നടത്തിയില്ല.

നഗരസഭാ ഓഫീസിലേക്ക് ലാപ്ടോപ്പ് (പ്രോജക്റ്റ് നം. S0268/22) എന്ന പ്രോജക്ടിനായി പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 927448/- രൂപ വകയിരുത്തിയിരുന്നു. IBPMS ഫലപ്രദമായി നടപ്പാക്കുന്നതിന് എല്ലാ നഗരസഭകളിലും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സജ്ജീകരിക്കണമെന്നുള്ള നഗരകാര്യ ഡയറക്ടറുടെ കത്ത് പ്രകാരം പ്രസ്തുത പ്രോജക്ടിൽ ഉൾപ്പെടുത്തി 6 Acer ലാപ്ടോപ്പുകളും ഒരു ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും GeM മുഖേന ആർ ജെ എന്റർപ്രൈസസ് കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | ഇൻവോയസ് നം. | തുക | ജി.എസ്.റ്റി 18% | ആകെ | ചെലവ് |
|---|---|---|---|---|---|
| Acer Laptop, RAM 6 എണ്ണം | RJE00913/2021-22 തീയതി.30.10.2021 | 376653 | 67797 | 444450 | 513450/- ബിൽ നം. 181/29.12.2021 |
| Desktop Computer Monitor Acer 15 ഒരെണ്ണം | RJE00979/2021-22 തീയതി.09.11.2021 | 58475 | 10525 | 69000 | |
| | | 435128 | 78322 | 513450 | |

പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സർക്കാർ വകുപ്പുകളും പൊതുമേഖല സ്ഥാപനങ്ങളും മറ്റ് സ്ഥാപനങ്ങളും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ(Centralised Procurement And Rate Contract System) മുഖേന വാങ്ങേണ്ടതാണെന്ന നിബന്ധന ഉൾപ്പെടുത്തി സ്റ്റോർ പർച്ചേസ് മാന്വലിൽ ഖ.7.52 കൂട്ടിച്ചേർത്തിട്ടുണ്ട്. CPRCS ന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് കെൽട്രോൺ ആണ്. സർക്കുലർ നം. ഐ.ടി.സെൽ-1/26/2019/ വി.സ.വ തീയതി.18.03.2019 പ്രകാരം സർക്കാർ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ മാത്രമേ ഐ.ടി ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളൂ. ഇതിന് വിരുദ്ധമായി GeM മുഖേന ലാപ് ടോപ്പുകളും ഡെസ്ക്ടോപ്പും വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/13.03.2023) അടിയന്തരസാഹചര്യത്തിലാണ് GeM പോർട്ടൽ മുഖേന വാങ്ങിയതെന്നും ആ സമയം CPRCS - ൽ അവ ലഭ്യമല്ലായിരുന്നുവെന്നും മറുപടി നൽകി. ഐ.റ്റി ഉപകരണങ്ങൾ CPRCS മുഖേന വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2) കേന്ദ്ര ധനമന്ത്രാലയത്തിന്റെ 13.09.2018ലെ വിജ്ഞാപനം നം.50/2018 Central Tax പ്രകാരം ജി.എസ്.ടി കിഴിവ് നടത്തുവാൻ ബാദ്ധ്യസ്ഥരായ സ്ഥാപനങ്ങൾ 01.10.2018മുതൽ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനുശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 250000/-ൽ അധികമായാൽ സ്രോതസ്സിൽനിന്നും ജി.എസ്.ടി 2% കിഴിവ് ചെയ്യേണ്ടതാണ്. എന്നാൽ സ്ഥാപനത്തിന് തുക നൽകിയപ്പോൾ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി 8703/- രൂപ ഈടാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/13.03.2023) ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്തിട്ടുണ്ടെന്ന സ്ഥാപനത്തിന്റെ കത്താണ് മറുപടിയോടൊപ്പം ഹാജരാക്കിയത്. ജി.എസ്.ടി റ്റി.ഡി.എസ് അടവാക്കിയിട്ടുണ്ടെന്ന്

ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല. ജി.എസ്.ടി റ്റി.ഡി.എസ് അടവാക്കിയിട്ടുണ്ടെന്ന് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുകയോ അല്ലാത്തപക്ഷം തുക അടവാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

## 1-42 വിദ്യാഭ്യാസ മേഖലയുടെ പുരോഗതിയ്ക്കായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും നടപ്പിലാക്കുന്നില്ല - വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നഷ്ടമാകുന്നു

2021-22 സാമ്പത്തിക വർഷം ചേർത്തല ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തൽ | അടങ്കൽ |
|---|---|---|---|---|
| 1 | S05/22 | എസ്.എസ്.എ.വിഹിതം നൽകൽ | തനത്ഫണ്ട്-2800000 | 2800000 |
| 2 | S010/22 | തുല്യത പഠിതാക്കൾക്ക് ഫീസ് ആനുകൂല്യം | വികസനഫണ്ട്-200000 | 200000 |

2021-22 സാമ്പത്തികവർഷം നടപ്പിലാക്കുന്നതിനായി അംഗീകാരം ലഭ്യമായ 3 പ്രോജക്ടുകളിൽ ഒരെണ്ണം പോലും നടപ്പാക്കിയിട്ടില്ല. 2019-20 സാമ്പത്തികവർഷം അംഗീകാരം ലഭ്യമായ 13 പ്രോജക്ടുകളിൽ 3 പ്രോജക്ടുകൾ, 2020-21 സാമ്പത്തികവർഷം അംഗീകാരം ലഭ്യമായ 10 പ്രോജക്ടുകളിൽ 6 പ്രോജക്ടുകൾ എന്നിങ്ങനെയാണ് നടപ്പിലാക്കിയത്. തൻ വർഷം 3 പ്രോജക്ടുകൾക്കായി 33,00,000/- രൂപ വകയിരുത്തിയതിൽ തുക ഒന്നും ചെലവഴിച്ചില്ല. പ്രോജക്ടുകൾ നടപ്പിലാക്കാതിരുന്നതുമൂലം വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളാണ് നഷ്ടമായത്. അംഗീകാരം ലഭ്യമാകുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-43 നഗരസഭയിലേക്ക് ആവശ്യമായ ഇലക്ട്രിക്കൽ ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും - ആവശ്യകതയ്ക്ക് അനുസരിച്ച് ഉപകരണങ്ങൾ വാങ്ങിക്കുന്നില്ല

നഗരസഭയിൽ ഇലക്ട്രിക്കൽ ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി തയ്യാറാക്കിയ ഈ പ്രോജക്ട് (നം.S0273/22)പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി വികസനഫണ്ടിൽ നിന്നും ബിൽ നം. 383/30.03.2022 പ്രകാരം 700000 രൂപ ചെലവഴിച്ചിട്ടുണ്ട്. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ഇൻവോയ്സ് നം. 867/26.03.2022 പ്രകാരം LED Street Light - 175 എണ്ണം, 24w Drive – 200 എണ്ണം, Junction Box Drive – 498 എണ്ണം എന്നിവയാണ് വാങ്ങിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം LED Street Light – 17 എണ്ണം, 24w Drive – 410 എണ്ണം, Junction Box Drive – 385 എണ്ണം എന്നിവ ബാലൻസുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 24w Drive 344 എണ്ണം ബാലൻസ് ഉള്ളപ്പോൾ ആണ് 200 എണ്ണം വാങ്ങിയത്. ആവശ്യകത നിർണ്ണയിക്കാതെയാണ് സാധനങ്ങൾ വാങ്ങിയതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

ഈ വിഷയത്തിൽ വിശദീകരണം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/12.03.2023) നഗരസഭ പരിധിയിലുള്ള നിരവധി സ്ട്രീറ്റ് ലൈറ്റുകൾക്ക് ഹൈവോൾട്ടേജിനാലും മറ്റും കേടുപാടുകൾ സംഭവിക്കാറുണ്ടെന്നും ഇത്തരത്തിൽ സംഭവിക്കുന്ന തകരാറുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായാണ് ഇവ അധികമായി സ്റ്റോറിൽ സൂക്ഷിച്ചിട്ടുള്ളതെന്നും മറുപടി നൽകി. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, മുൻവർഷങ്ങളിൽ വാങ്ങിയ പല ഉപകരണങ്ങളും വിനിയോഗിക്കപ്പെടാതെ ഇപ്പോഴും ബാലൻസ് കാണിച്ചിട്ടുള്ളതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. വാങ്ങുന്ന ഉപകരണങ്ങൾ വർഷങ്ങളോളം ഉപയോഗിക്കാതെ കേടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ആവശ്യകതയുടെ അടിസ്ഥാനത്തിൽ മാത്രം വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-44 വായ്പ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.

2021-22 വർഷം ലൈഫ് മിഷൻ വായ്പ തിരിച്ചടവിനായി ജി.ഒ പ്രോജക്ട് തയ്യാറാക്കുകയും പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 66,66,667 രൂപ സോഴ്സ് ഡിഡക്ഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. വായ്പ ഇനത്തിലുള്ള വരവ്, തിരിച്ചടവ്, ബാലൻസ് വിവരങ്ങൾ പരിശോധിക്കുന്നതിനായി വായ്പ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.25/16.03.2023) നൽകിയതിനെത്തുടർന്ന് അപൂർണ്ണമായ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കി. ഹാജരാക്കിയ രജിസ്റ്ററിൽ സോഴ്സ് ഡിഡക്ഷൻ സംബന്ധിച്ച വിവരങ്ങളോ തിരിച്ചടയ്ക്കാൻ

ബാക്കിയുള്ള വായ്പയുടെ വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. വായ്പ രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്.

## 1-45 ഓഡിറ്റ് ഇംപാക്ട്- അധികം നൽകിയ 3507/- രൂപ തിരിച്ചടച്ചു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഗവ ബോയ്സ് സ്കൂൾ മെയിന്റനൻസ് |
| പ്രോജക്ട് നമ്പർ | S0274/22 |
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനിയർ |
| കരാറുകാരൻ | ശ്രീഗോവിന്ദ് |
| ചെലവ് വിവരം | ബിൽ നമ്പർ 296/19-3-22<br>രൂപ 398622/- |

ഗവ ബോയ്സ് സ്കൂൾ മെയിന്റനൻസ് പ്രവൃത്തിയിൽ Steel Work For Purlin/single Section എന്ന ഇനം ചെയ്തതിന് 696.933kg ന് 159.01/kg നിരക്കിൽ 110819/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ അളവ് പുസ്തകം പേജ് 15-17 ലെ രേഖപ്പെടുത്തൽ പ്രകാരം വരുന്ന അളവ് 677.265 Kg ആണ്. അധികം അനുവദിച്ചത് 19.688 Kg (696.933 – 677.265) @159.01 = 3130 + 375 (Gst) = 3506/-. ഇത് സംബന്ധിച്ച് എൻക്വയറി (29/16-03-23)നൽകിയതിൽ 1/122030118184 /17-03-23 നമ്പർ രസീത് പ്രകാരം തുക നഗരസഭയിൽ ഒടുക്കിയിട്ടുണ്ട്.

# ഭാഗം -2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 റെസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽകുറവ് - 49 ലക്ഷം

ചേർത്തല നഗരസഭയിലെ വിവിധ റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ റെസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കി അനുമതി നൽകിയിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച അപേക്ഷയിൽ ടാർ/കോൺക്രീറ്റ് റോഡുകളിൽ ഉണ്ടാക്കുന്ന ട്രഞ്ചിന്റെ വീതി 1.5 മീറ്ററാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ അയത് പരിഗണിക്കാതെ 1 X 1x 1മീറ്റർ അളവിൽ മാത്രമേ കുഴി എടുക്കാവൂ എന്ന് അനുമതി ഉത്തരവിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് വരുന്ന ട്രഞ്ചിന്റെ വീതി 1 മീറ്ററാണ്. സർക്കുലർ നമ്പർ CE/R&B/GL-RC/2/2019 തീയതി 30-03-2019 ലെ നിർദ്ദേശം അനുസരിച്ച് റെസ്റ്റോറേഷൻ വീതി ട്രഞ്ച് വിഡ്ത്തിന്റെ 1.5 മടങ്ങായിരിക്കും. ഇത പ്രകാരം ട്രഞ്ചിന്റെ വീതി 1 മീറ്ററാകുമ്പോൾ റെസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കുന്നതിന് എടുക്കേണ്ട റെസ്റ്റോറേഷൻ വീതി 1.5 മീറ്ററാണ്. എന്നാൽ ഇതിനു പകരം റെസ്റ്റോറേഷൻ വീതി 1 മീറ്ററായി കണക്കാക്കിയാണ് റെസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയിരിക്കുന്നത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | ഫയൽ നമ്പർ | അപേക്ഷയിൽ കാണിച്ചിരിക്കുന്ന ട്രഞ്ചിന്റെ അളവ് | ഈടാക്കിയ റെസ്റ്റോറേഷൻ ചാർജ്ജിന്റെ വിവരം | അനുമതി ഉത്തരവിലെ അളവ് പ്രകാരം ഈടാക്കേണ്ടിയിരുന്ന ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | Pw1 -3705/21 | 850മീറ്റർ X1.5 X1.5 | 20Mm Open Graded Chipping Carpet -5 X1 = 5m$^2$ @ 3179.04 = 15895<br>Shoulder Cutting – 850 X1 =850 M$^2$ @ 1530.77 = 1301155<br>ആകെ - 1317050<br>(ചെക്ക് നം 17551/20-10-21) | 5 X 1.5 = 7.5 M$^2$ @ 3179.04 = 23843<br>850 X1.5 = 1275 M$^2$ @1530.77 = 1951732<br>ആകെ - 1975575 | 658525 |
| 2 | Pw1 | 380മീറ്റർ X1.5 X1.5 | 20Mm Open | 380 X1.5 = 570 M$^2$ = | 587208 |

| | | | | | |
|---|---|---|---|---|---|
| | -677/21 | | Graded Chipping Carpet 380 X1 = 380m² @ 3090.57 = 1174417 (ചെക്ക് നം 15794/15-06-21) | 1761625 | |
| 3 | Pw1 -1741/21 | 2180മീറ്റർ X1.5 X1.5 | 20Mm Open Graded Chipping Carpet 2180 X1 = 2180m² @ 3090.57 = 6737443 (ചെക്ക് നം 157593/15-06-21) | 218080 X1.5 = 3270 M² = 10106164 | 3368721 |
| 4 | Pw1-111/21 | 193 പോളുകൾ സ്ഥാപിക്കൽ അളവ് രേഖപ്പെടുത്തിയിട്ടില്ല | BT സർഫസ് - 187 X1 = 187m² @ 3090.57 = 577936.59 ഗ്രാവൽ സർഫസ് – 6x1 =6 M² @ 1530.77 = 9184.62 ആകെ - 587121.21 (ചെക്ക് നം 157568/09-06-21) | 187 X 1.5 =280.5 M² @ 3090.57 = 866905 6 X1.5 = 9 M² @1530.77 = 13777 ആകെ - 880682 | 293561 |
| | ആകെ | | | | 4908015 |

കുറവ് വന്ന തുക മേൽ സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ഈടാക്കാത്ത പക്ഷം റെസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കിയ ഓവർസിയർമാരും ഇതിന് അനുമതി നൽകിയ നഗരസഭാ സെക്രട്ടറിയേയും നഷ്ടോത്തരവാദികളായി നിർണ്ണയിച്ച് തുക ഈടാക്കുവാൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (10/13-03-23)മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ജൈവ വാതക നിലയം - സബ്സിഡി അധികം അനുവദിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ജൈവ വാതക നിലയം |
| പ്രോജക്ട് നം. | 240/22 |
| ഫയൽ നം. | പി.എച്ച്.1/137/2020 |
| അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 13,79,227/-രൂപ |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 12,86,250/-രൂപ |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 8,56,275/-രൂപ |
| ഗുണഭോക്തൃ വിഹിതം | 1,53,248/-രൂപ |
| ആകെ | 36,75,000/-രൂപ |
| നിർവഹണം | ഹെൽത്ത് ഓഫീസർ |

ചെലവ് വിവരം

| ഫണ്ടിനം | തുക | ബിൽ നം./ചെക്ക് നമ്പർ, തീയതി |
|---|---|---|
| ശുചിത്വമിഷൻ ഗ്രാന്റ് | 180757 | D18283/07.02.22 |
| ശുചിത്വമിഷൻ ഗ്രാന്റ് | 53183 | BR No.21060547001701164300/19.02.22 |
| ശുചിത്വമിഷൻ ഗ്രാന്റ് | 6121 | C102256175651/31.10.22 |
| ശുചിത്വമിഷൻ ഗ്രാന്റ് | 510972 | 018291/31.03.22 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 39438 | BRN-21060547001701524400/30.03.22 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3329 | C102256896423231/31.10.22 |
| ഗുണഭോക്തൃ വിഹിതം | 61950 | 2023-24 വർഷത്തെ ചെലവ് |
| ഗുണഭോക്തൃ വിഹിതം | 57750 | 461199/15.02.22 |
| | 913500 | |

ഗാർഹിക മാലിന്യങ്ങൾ വീടുകളിൽ സംസ്കരിക്കുന്നതിന്റെ ഭാഗമായി 350 ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്യുന്നതിനായി 2019-20 വർഷം മുതൽ നടപ്പാക്കുന്ന പ്രോജക്റ്റാണിത്.

സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി.14.02.2018 സബ്സിഡി മാർഗരേഖ ഖണ്ഡിക 6.8.1) പ്രകാരം ഗാർഹിക തലത്തിലുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് അനുവദനീയമായ പരമാവധി സബ്സിഡി യൂണിറ്റ് കോസ്റ്റിന്റെ 50% ആയിരുന്നു. പ്രസ്തുത നിർദേശം പരിഷ്കരിച്ച് കൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ (സ.ഉ. (സാധാ) നം. 3281/2018/ത.സ്വ.ഭ.വ. തീയതി. 31.12.2018) ഗാർഹിക തലത്തിലുള്ള ബയോഗ്യാസ് പ്ലാന്റിന് യൂണിറ്റ് കോസ്റ്റിന്റെ 90% അല്ലെങ്കിൽ 7200/-രൂപ ഇതിലേതാണോ കുറവ് അത് അനുവദിക്കാമെന്നും അധികമായി വരുന്ന തുക ഗുണഭോക്താവ് വഹിക്കേണ്ടതാണെന്നും പറഞ്ഞിരിക്കുന്നു. തൻവർഷം ഈ പദ്ധതി പ്രകാരം സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷൻ ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്തിരിക്കുന്നത് 10500/-രൂപയ്ക്കാണ്. ആയതിന് പരമാവധി അനുവദനീയമായ സബ്സിഡി തുക 7200/-രൂപ കഴിച്ച് 3300/-രൂപ ഗുണഭോക്താവിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഈ പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ ബയോഗ്യാസ് പ്ലാന്റിന്റെ വിലയുടെ 10% തുകയായ (10500x10%) 1050/-രൂപ മാത്രമാണ് ഈടാക്കിയിരിക്കുന്നത്. 2019-20 വർഷം മുതൽ 114 ബയോഗ്യാസ് പ്ലാന്റിന്റെ വിലയായി 11,97,000/-രൂപ (114x10500) സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷന് അനുവദിച്ചിട്ടുണ്ട്. കൂടാതെ, ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതമിനത്തിൽ ഈടാക്കിയ തുകയിൽ (3300-1050=2250/-രൂപ) 2,56,500/-രൂപ കുറവ് വന്നിട്ടുണ്ട്. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 22/തീയതി – 13.03.2023) മറുപടി ലഭ്യമാക്കിയില്ല. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ, 27 എണ്ണം ബയോ ഗ്യാസ് പ്ലാന്റിന്റെ വിലയായ 2,83,500/-രൂപ (27x10500) അഡ്വാൻസ് ഇനത്തിൽ നല്കിയിട്ടുള്ളതിനാൽ, 27 ഗുണഭോക്താക്കളിൽ നിന്നും കുറവായി ഈടാക്കിയ തുക 60750/-രൂപ (27x2250) നിരാകരിച്ചിട്ടുള്ളതാണ്. ആയതിനാൽ, കുറവായി ഈടാക്കിയതിൽ, ബാക്കി തുക 1,95,750/- രൂപ (2,56,500 - 60750) ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 സുഭിക്ഷകേരളം ഇടവിളകൃഷി - ജില്ലാതല യൂണിറ്റ് കോസ്റ്റിലും അധികം ചെലവഴിച്ചു - നഷ്ടം 47280/-

സുഭിക്ഷകേരളം ഇടവിളകൃഷി ഗ്രൂപ്പ്/വ്യക്തികൾക്ക് (നം. 118/22) എന്ന സ്പിൽ ഓവർ പ്രോജക്ടിനായി പൊതുവിഭാഗം വികസനഫണ്ടിൽനിന്നും 22,16,250 രൂപ (ബിൽ റഫറൻസ് നം. 21060547000600519705, Sanction Order. 94/13.10.2021) ചെലവഴിച്ചിട്ടുണ്ട്. നടീൽവസ്തുക്കൾ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ കഞ്ഞിക്കുഴി ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്ററിൽ നിന്നുമാണ് ഇടവിളകിറ്റ് വാങ്ങിയിട്ടുള്ളത്. സ്ഥാപനം രേഖപ്പെടുത്തിയ നിരക്ക് ചേന - 37/kg, ചേമ്പ് - 74/kg, ഇഞ്ചി - 68.50/kg, മഞ്ഞൾ - 40/kg എന്നിങ്ങനെയാണ്. ഒരു കിറ്റിൽ ചേന - 8kg, ചേമ്പ് - 4kg, ഇഞ്ചി - 1.750kg, മഞ്ഞൾ - 1kg എന്നിവയുള്ളതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനത്തിന്റെ ബില്ലിൽ ഏതൊക്കെ നടീൽവസ്തുക്കൾ എത്ര അളവിൽ ഉണ്ടെന്ന് രേഖപ്പെടുത്തിയിട്ടില്ല. ബിൽ പ്രകാരം 2955 കിറ്റുകൾ 750 രൂപ നിരക്കിലാണ് ലഭ്യമാക്കിയിട്ടുള്ളത്. ചേമ്പിന് പ്രിൻസിപ്പൽ കൃഷി ഓഫീസർ നിശ്ചയിച്ചിട്ടുള്ള ജില്ലാതല യൂണിറ്റ് കോസ്റ്റ് 70/kg ആണ്. എന്നാൽ 74/kg നിരക്കിലാണ് ചേമ്പ് വാങ്ങിയിട്ടുള്ളത്. 4 രൂപ/kg അധികം ചെലവഴിച്ചിട്ടുണ്ട്. ഒരു കിറ്റിൽ 4 Kg ചേമ്പ് പ്രകാരം 2955 കിറ്റിലുള്ള 11820 Kg ചേമ്പിന് 47280 രൂപ (11820x4) അധികം ചെലവഴിച്ചതായി കാണുന്നു. മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26/16.03.2023) മറുപടി ലഭ്യമാക്കിയില്ല. ജില്ലാതല യൂണിറ്റ് കോസ്റ്റിലും അധികം ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക നഷ്ടത്തിനുത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 ഉയർന്ന നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ അധികച്ചെലവ് 27771/-

| | |
|---|---|
| പ്രോജക്റ്റ് നം. | 213/22 |
| പ്രോജക്ടിന്റെ പേര് | മൂന്നാംകര ജംഗ്ഷന് കിഴക്ക ഭാഗം റേഷൻ കടക്ക് വടക്കോട്ടുള്ള തോട് സ്ലാബിടൽ |
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | രതീഷ് (എസ്റ്റിമേറ്റ് നിരക്ക് ) |
| ചെലവ് | ബിൽ നമ്പർ 359/29-03-22<br>തുക 570216/- |

മൂന്നാംകര ജംഗ്ഷന് കിഴക്ക ഭാഗം റേഷൻ കടക്ക് വടക്കോട്ടുള്ള തോട് സ്ലാബിടൽ പ്രവൃത്തിക്ക് 48.71% കോസ്റ്റ് ഇൻഡക്സ് നൽകി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ തയ്യാറാക്കിയ ഒറിജിനൽ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചതായി കാണുന്നില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഇനങ്ങൾക്ക് ഉയർന്ന നിരക്ക് അനുവദിച്ചതായി കാണുന്നു. നിരക്ക് തയ്യാറാക്കിയപ്പോൾ 15% ഓവർഹെഡ് ചാർജ്ജ് അനുവദിച്ചതാണ് ഉയർന്ന നിരക്ക് നൽകാനിടയാക്കിയത്. അനുവദനീയമായ ഓവർ ഹെഡ് ചാർജ്ജ് 10% ആണ്. ഇതനുസരിച്ച് അധികം നൽകാനിടയായ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇനം | സ്പെസിഫിക്കേഷൻ കോഡ് | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ നിരക്ക് | അനുവദിച്ച തുക | Overhead Charge 10% നൽകുമ്പോൾ അനുവദനീയമായ നിരക്ക് /സ്പെസിഫിക്കേഷൻ കോഡ് | അധികം | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 1 | എർത്ത് വർക്ക് എക്സ്കവേഷൻ | 11.1.1.1 | 578.31/$m^3$ | 17.52 @ 578.31 = 10132 | 17.52 @259.29 = 4543 CPWD സ്പെസിഫിക്കേഷൻ 3.5.1 പ്രകാരം അനുവദനീയമായ നിരക്ക് | 5589 | 3.5.1 (അനുവദനീയമായ സ്പെസിഫിക്കേഷൻ കോഡ്) |
| 2 | DR മേസനറി | Observed Data (Od) 748795/2020-21 | 4090.12/$m^3$ | 38.56 $M^3$ @ 4090.12 = 157715 | 38.56$m^3$ @3912.29/$m^3$ = 150858 | 6857 | Od755381/2020-21 (അനുവദനീയമായ സ്പെസിഫിക്കേഷൻ കോഡ്) |
| 3 | Stone മേസനറി | 11.6.3.2 | 7009.75/m3 | 9.84$m^3$ @7009.75 = 68976 | 9.84 $M^3$ @6705/$m^3$ = 65977 | 2999 | 11.6.3.2 (10% ഓവർഹെഡ് ചാർജ്ജ്) |
| 4 | RCC ഗ്രേഡ് M20 | 11.4.4 | 9302.65 | 16.851 $M^3$ @9302.65 = 156750 | 16.851 $M^3$ @8898.19/$m^3$ = 149943 | 6807 | 11.4.4 (10% ഓവർഹെഡ് ചാർജ്ജ്) |
| 5 | സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റ് | 11.8 | 80546.91 | 1.57614t @80546.9 = 126953 | 1.57614 @ 77044.87= 121434 | 5519 | 11.8 (10% ഓവർഹെഡ് ചാർജ്ജ്) |
| | ആകെ | | | | | 27771 | |

ടി തുക കരാറുകാരനിൽ നിന്നും ഇടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം മുനിസിപ്പൽ എഞ്ചിനിയറിൽ നിന്നും തുക ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 37/17-03-23) മറുപടി ലഭ്യമാക്കിയില്ല.

## 3-4 സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക് അനുവദിച്ച നഷ്ടം 13195/-

തോടിന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് 553.17/$m^3$ നിരക്കാണ് (MoRD Spec 11.1.1.1)എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നൽകിയിരിക്കുന്നത്. MoRD സ്പെസിഫിക്കേഷൻ ഉപയോഗിക്കുന്നത് ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനാണ്. സംരക്ഷണ ഭിത്തി നിർമ്മാണത്തിനുമുള്ള എർത്ത് വർക്ക് എസ്കവേഷന് അനുവദനീയമായ നിരക്ക് 259.29/$m^3$ (CPWDസ്പെസിഫിക്കേഷൻ കോഡ്-3.5.1) ആണ്. ഉയർന്ന നിരക്ക് അനുവദിച്ചത് അധികം ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | അനുവദിച്ച തുക | അളവു പുസ്തകം | അനുവദനീയമായ തുക | അധികം നൽകിയ തുക | ചെലവു വിവരം |
|---|---|---|---|---|---|---|---|
| 1 | സെന്റ് മാർട്ടിൻ തോടിന് സംരക്ഷണ ഭിത്തി നിർമ്മാണം | ആലപ്പുഴ ജില്ലാ കേൺട്രാക്ട് സൊസൈറ്റി | 29.70$m^3$ @553.17 = 16429 | 64/21-22 | 29.70$m^3$ @259.29 = 7701 | 8728 | PFMS /30-03-22 രൂപ 328922 |
| 2 | മഠത്തിൽ -മാടവനത്തോട് ഭിത്തി നിർമ്മാണം | രതീഷ്.ഡി | 15.20 $M^3$ @553.17 = 8408 | 52/21-22 | 15.20 @ 259.29 = 3941 | 4467 | ബിൽ നമ്പർ 360/29-03-22 രൂപ 276835/- |
| | | | | | | 13195 | |

സംരക്ഷണ ഭിത്തിയുടെ എർത്ത് വർക്കിന്റെ റേറ്റ് MORDസ്പെസിഫിക്കേഷൻ പ്രകാരം ചെയ്യണമെന്ന് നിർദ്ദേശം നിലവിലുള്ളതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതെന്നാണ് ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (24/13-03-23)മറുപടി ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ ഇത് അധികച്ചെലവിനിടയാക്കുന്നു. അതിനാൽ മേൽ സൂചിപ്പിച്ച വിധം അധികം ചെലവഴിച്ച 13195/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | കടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | Rbi09022847238 | 9960000 | 0 | 9960000 |
| Take A Break | ഹാബിറ്റാറ്റ് | Rbi35321085625 | 200000 | 0 | 200000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ 12400000/- രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ലഭ്യമാക്കിയില്ല | 12400000 | 74266667 | 6666667 | .... | 80000000 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1264700 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 1264700 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1264700 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | നിക്ഷേപത്തിന്റെ വിവരം | തുക | രസീത് നം. |
|---|---|---|---|
| 1. | ക്ലീൻ കേരള കമ്പനി ഷെയർ (1000/-രൂപയുടെ 1000 ഷെയറുകൾ) | 1000000 | 104842 മുതൽ 105841 വരെ തീയതി.26.12.2016 |
| 2. | കെ.യു.ആർ.ഡി.എഫ്.സി ഷെയർ (100/-രൂപയുടെ 2647 ഷെയറുകൾ) | 264700 | 347785 മുതൽ 350431 വരെ തീയതി.28.01.2015 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 57402/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീപ്റ്റ് നമ്പർ/തീയതി |
|---|---|---|---|---|
| 2015-16 | 3-21C<br>3-23A<br>3-23B | 2538<br>5948<br>3831 | കെ സുഗുണൻ അസി.എഞ്ചിനീയർ | 121470101771/1/6/21 |
| 2015-16 | 3-22 A<br>3-22B | 7503<br>1851 | കെ സുഗുണൻ അസി.എഞ്ചിനീയർ | 121470101772/4/6/21 |
| 2016-17 | 3-13 | 1415 | കെ സുഗുണൻ അസി.എഞ്ചിനീയർ | 121470101772/4/6/21 |
| 2016-17 | 3-14 | 2750 | സതീഷ്കുമാർ എം കോൺട്രാക്ടർ | 121470101774/4/6/21 |
| 2016-17 | 3-16 | 4830 | 'ടി അജയകുമാർ കോൺട്രാക്ടർ | 121470101774/4/6/21 |
| 2016-17 | 3-15 (B) | 26736 | കെ സുഗുണൻ അസി.എഞ്ചിനീയർ | 121470101775/4/9/21 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

### സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1999-2000 | 2-4 | 2007-08 | 4-4.1 | മൈത്രി ഭവന പദ്ധതി | ഗുണഭോക്താക്കൾക്ക് സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് നല്കുന്നതാണ്. |
| 2001-2002 | 2-4(8) | 2007-08 | 4-4.2. | ശമ്പളം നല്കുന്നതിന് UPA ഫണ്ടിൽ നിന്നും വകമാറ്റി. | തുക തിരിച്ചടച്ചു. |
| 2007-2008 | 2-1 | 2013-14 | 4.5 | ഗ്യാസ് ക്രിമറ്റോറിയം | നിലവിൽ പ്രവർത്തിക്കുന്നില്ല. |
| 2016-17 | 2.9 | 2017-18 | 10 | വാടക കുടിശ്ശിക 50 ലക്ഷത്തിനുമേൽ | വാടക കുടിശ്ശിക ഇനത്തിൽ 2015-16 മുതൽ 2017-18 വരെ 5180714/- രൂപയും പിഴ പലിശ ഇനത്തിൽ 1241564/- രൂപയും ഈടാക്കിയിട്ടുള്ളതാണ്. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 338272557 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 239782158 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 4908015 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 283996 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4657408 |

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 2-1 | 4908015 | | 1). ശ്രീ. കെ.എസ്.അരുൺ, സെക്രട്ടറി<br>2). ശ്രീ. സോജി, ഓവർസിയർ ഗ്രേഡ് II |
| 3-1 | | 195750 | ശ്രീ.സുദീപ് .എസ്,<br>ഹെൽത്ത് ഓഫീസർ |
| 3-2 | | 47280 | ശ്രീ. രാജൻ പി,<br>കൃഷി ഫീൽഡ് ഓഫീസർ |
| 3-3 | | 27771 | ശ്രീ. ബ്രിജിത്ത് പി.എം,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 13195 | ശ്രീ. ബ്രിജിത്ത് പി.എം,<br>അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| ആകെ | 4908015 | 283996 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 2168970 | ശ്രീ. രാജൻ പി, കൃഷി ഫീൽഡ് ഓഫീസർ |
| 1-31 | 280000 | ശ്രീ. കെ എസ് അരുൺ, സെക്രട്ടറി |
| 1-32 | 200000 | ശ്രീ. കെ എസ് അരുൺ, സെക്രട്ടറി |
| 1-34 | 145250 | ശ്രീ. കെ എസ് അരുൺ, സെക്രട്ടറി |
| 1-37 | 50000 | ശ്രീ. വി സുനിൽകുമാർ, പ്രോജക്ട് ഓഫീസർ |
| 1-38 | 80000 | ശ്രീ. വി സുനിൽകുമാർ, പ്രോജക്ട് ഓഫീസർ |
| 1-39 | 480000 | ശ്രീ. വി സുനിൽകുമാർ, പ്രോജക്ട് ഓഫീസർ |
| 1-40 (1) | 253188 | ശ്രീ. കെ എസ് അരുൺ, സെക്രട്ടറി |
| 1-40(2) | 1000000 | ശ്രീ. കെ എസ് അരുൺ, സെക്രട്ടറി |
| ആകെ | 4657408 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ബ്രിജിത്ത്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>ചേർത്തല നഗരസഭ | പാലിയത്ത്<br>പട്ടണക്കാട് പി.ഓ<br>പട്ടണക്കാട്, ചേർത്തല |
| ശ്രീ.ആർ.രാജൻ,<br>കൃഷി ഓഫീസർ | കൃഷി ഫീൽഡ് ഓഫീസർ<br>കൃഷിഭവൻ, ചേർത്തല | ഈട്ടിവിള,<br>പടിഞ്ഞാറ്റതിൽ<br>അമ്പലത്തിനിറപ് പി.ഒ<br>പറവൂർ, കൊല്ലം |
| ശ്രീ.സുദീപ് .എസ്,<br>ഹെൽത്ത് ഓഫീസർ | ഹെൽത്ത് ഓഫീസർ,<br>ചേർത്തല നഗരസഭ | നാരായണീയം,<br>ദേവിനഗർ പഴവീട് ആലപ്പുഴ |
| ശ്രീ. വി സുനിൽകുമാർ, പ്രോജക്ട് ഓഫീസർ | സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I,<br>വളാഞ്ചേരി നഗരസഭ | നടേക്കാട്ടുവെളി,<br>എസ്.എൽ.പുരം.പി.ഒ,<br>ആലപ്പുഴ |

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.എസ്.അരുൺ, സെക്രട്ടറി | സെക്രട്ടറി<br>ചേർത്തല നഗരസഭ | ടി.സി(വി.പി) 2/1122(1)<br>പണിക്കേഴ്സ് ലെയിൻ<br>മാന്നാമൂല, പേരൂർക്കട പി.ഒ<br>695005<br>തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 1994-95,<br>1995-96 | എൽ.എഫ്.എ10/937/97/30.05.1999 |
| 1999-2000 | എൽ.എഫ്. എ14/982/01/22.10.2001 |
| 2006-07<br>2007-08<br>2008-09<br>2009-10 | എൽ.എഫ്.ജി.എ5/1578/13/21.05.2014 |
| 2010-11 | എൽ.എഫ്.പി 10/1294/12/19.11.2012/12.12.2012 |
| 2011-12<br>2012-13 | എൽ.എഫ്.പി 10/190/14/25.04.2014/15.07.2014 |
| 2013-14 | കെ.എസ്.എ.പി.ഇസഡ്.പി10/1086/15/06.08.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി10-641/16/09.06.2016/25.07.2016 |
| 2015-16 | കെ.എസ്.എ.-എ.എൽ.പി-ജി.എ5-163/2017/14.02.2017 |
| 2016-17 | കെ.എസ്.എ.-എ.എൽ.പി-ജി.എ5-1256/17/21.10.2017 |
| 2017-18 | കെ.എസ്.എ.-എ.എൽ.പി-ജി.എ5-425/19/24.05.19 |
| 2018-19 | കെ.എസ്.എ.-എ.എൽ.പി-ജി.എ8-811/2020/28.01.2021 |
| 2019-20 | കെ.എസ്.എ.-എ.എൽ.പി-ജി.എ8 /129/2022 /31/03/2022 |
| 2020-21 | കെ.എസ്.എ.-എ.എൽ.പി-ജി.എ8/130/22 /11/07/2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്